Vol. 17 No. 2.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

February 1919.

# വിഷയ വിവരണിക.


1. മംഗളം.

ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

2. മതപ്രചാരണം.
3. പുസ്തകാഭിപ്രായങ്ങൾ.
4. വി. കന്യകമറിയത്തിൻെറ ശുദ്ധീകരണത്തിരുനാൾ.

റവ. ഫാദർ ഫില്ലാഴ്സ്യോൻ സി. ഡി.

5. നി. വ. ദിവ്യശ്രീ ചങ്ങനാശേരി മെത്രാനച്ചൻെറ ഒരു ഇടയ ലേഖനം.
6. ജീവിത നവീകരണം.

പ്രിയോർ ജനറാൾ, വെറി. റവ. ഫാദർ ഗെബ്രിയേൽ സി. ഡി.

7. സംസാര വൈചിത്ര്യം.

ശ്രീമാൻ ജോൺ വട്ടശ്ശാട്ടശ്ശേരി ബി ഏ. (ഓണേഴ്സ്.

8. വേദപുസ്തകപാരായണം. (പരിത്യാഗം)

റവ. ഫാദർ അലക്സാണ്ഡർ സി. ഡി.

9. ഞാൻ ആരു? രാജകുമാരി.

ദിവശ്രീ പുരസ്കൽ മാത്യൂ ശമ്മാശ്ശൻ എം. ഏ.

10. ഒരു മാതൃകാപുരുഷൻ.

ശ്രീമാൻ ഏ. ജെ. വറുഗീസ് ബി. ഏ., എൽ. ററി.

11. മൂന്നുനോമ്പ്.
12. തിരുഹൃദയ പൊതുനിയോഗം.
13. ചോദ്യോത്തരപ്പെട്ടി.
14. കുറിപ്പുകളും വത്തമാനങ്ങളും.
15. ചരമ വൃത്താന്തങ്ങൾ.
16. പഞ്ചാംഗം.

# കർമ്മെലകുസുമം

പുസ്തകം ൧൧.   ൧൯൧൯ ഫെബ്രുവരി.   ലക്കം ൨.




## വി. കന്യകമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ.

ഉണ്ണിമ്ശിഹായെ ദേവാലയത്തിൽ കാഴ്ചവച്ചതിന്റെ ഓൎമ്മയ്ക്കായിട്ടുള്ള ഈ തിരുനാൾ ഫെബ്രുവരി ൨-ാംനു-യാണല്ലൊ നാം ആഘോഷിക്കുന്നതു്. ചില കിഴക്കൻപള്ളികളിലാകട്ടെ പ്രസ്തുതതിരുനാൾ ആചരിച്ചുവരുന്നതു് ഫെബ്രുവരി ൧൪-ാംനു-ആണ്. മൂശയുടെ നിയമപ്രകാരം ഒരു ആൺകുട്ടിയെ പ്രസവിക്കുന്ന മാതാവു് ഏഴദിവസത്തേക്കും പെൺകുട്ടിയെ പ്രസവിക്കുന്നവൾ പതിന്നാലു ദിവസത്തേക്കും അശുദ്ധയായി പരിഗണിക്കപ്പെടുന്നു. ശുദ്ധീകരണത്തിന്നുള്ള നിശ്ചിതസമയം വരുമ്പോൾ ഇവൾ ദേവാലയത്തിലേക്കു പോകുന്നു. ധനവാന്മാരായിരുന്നാൽ ബലിക്കായി ഒരു ആട്ടിൻകുട്ടിയേയും, രണ്ടു പ്രാവിൻകുഞ്ഞുങ്ങളേയും, നിൎദ്ധനരായിരുന്നാൽ രണ്ടു ചെങ്ങാലിക്കുഞ്ഞുങ്ങളേയും കാഴ്ച കൊടുക്കണം. ഇതു് യഹൂദസ്ത്രീകൾ അനുസരിച്ചുവന്ന ഒരു നിയമമായിരുന്നു.

പൊതുനിയമങ്ങളെ കാക്കുന്നതിൽ അത്യുത്സാഹികളായിരുന്ന വി. യൌസേപ്പും വി. മറിയവും മ്ശിഹായെ എടുത്തുകൊണ്ട് ഓർശ്ലേം ദേവാലയത്തിലേക്കു യാത്രതിരിച്ചു. അവർ അവിടെ എത്തിയ ക്ഷണത്തിൽത്തന്നെ വയോവൃദ്ധനായിരുന്ന ശെമഓൻ ബാവാ അവർക്ക് അഭിമുഖമായിച്ചെന്ന് ഉണ്ണിയീശോയെ സ്വഹസ്തങ്ങളിൽ എടുത്തു ചുംബിച്ചപ്പോൾ, അദ്ദേഹത്തിനുണ്ടായ സന്തോഷം അനിർവ്വചനീയമായിരുന്നു. എന്തെന്നാൽ യൂദജനത്തെ രക്ഷിക്കുന്നതിന്നായി വരുവാനിരിക്കുന്ന മ്ശിഹായെ ദർശിക്കുന്നതിന്ന് അദ്ദേഹത്തിന്നുണ്ടായിരുന്ന ആഗ്രഹം അനിതരസാധാരണമായിരുന്നു. മ്ശിഹായെ സ്വകരങ്ങളിൽ എടുത്തപ്പോൾ ആ വന്ദ്യൻ സന്തോഷാശ്രുക്കളെ ചൊരിഞ്ഞുകൊണ്ടു പറഞ്ഞതായത്: "ഹാ! കർത്താവേ! ഇനി അങ്ങേ വചനത്തിന്നുതക്കവണ്ണം, അങ്ങേ ദാസനെ സമാധാനത്തിൽ പറഞ്ഞയക്കുക; എന്തെന്നാൽ സകല ജനങ്ങളുടെയും മുമ്പാകെ അങ്ങു തയ്യാറാക്കിയ അങ്ങേ രക്ഷ എന്റെ കണ്ണുകൾ ദർശിച്ചിരിക്കുന്നു. (വി. ലൂക്കാ ൨. ൩൦). ഈ ദിവ്യബാലൻ 'പുറ'ജാതികളെ, വെളിപാടിലേക്കു പ്രവേശിപ്പിക്കുന്നതിന്ന് ഒരു പ്രകാശവും, ഇസ്രായെൽ ജനത്തിന്റെ മഹത്വവുമാകുന്നു. (ലൂക്കാ, ൨. ൩൨). വാർദ്ധക്യദശയെ പ്രാപിച്ചിരുന്ന ശെമഓൻ മ്ശിഹായുടെ ആഗമനത്തെപ്പററിയും ഇസ്രായേലിന്റെ രക്ഷയെക്കുറിച്ചും പല സംഗതികളും പ്രവചിക്കയുണ്ടായി. മൂശയുടെ നിയമപ്രകാരമുള്ള സകല ചടങ്ങുകളേയും പൂർത്തിയാക്കിയതിന്റെ ശേഷമാണ് പരിശുദ്ധ കുടുംബം നസ്രസ്സിലേക്കു മടങ്ങിയത്. തിരുക്കുടുംബത്തിന്റെ മഹത്തായ ഈ പ്രവൃത്തിയെ നിലനിറുത്തുന്നതിന്നായിട്ടാണ് ഈ ശുദ്ധീകരത്തിരുനാൾ തിരുസഭ ഘോഷിച്ചുവരുന്നത്. ഈ തിരുനാളാഘോഷം ഇദംപ്രഥമമായി തുടങ്ങിയത് ഓർശ്ലേം ദേവാലയത്തിലാണ്. അഞ്ചാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ രാജ്യമൊട്ടുക്കു സാംക്രമികരോഗം പിടിപെട്ടതിനാൽ തൽശമനാർത്ഥം ഈ തിരുനാളാഘോഷം കിഴക്കേ സഭ ഒട്ടുക്കു പ്രചരിപ്പിച്ചു. യൌനായക്കാർ ഈ തിരുനാളിനെ "തിരുക്കുടുംബവും വി. ശെമഓനും തമ്മിലുണ്ടായ കൂടിക്കാഴ്ചയുടെ തിരുനാൾ" എന്നും, അർമ്മേനിയർ "മ്ശിഹായെ ദേവാലയത്തിൽ കാഴ്ചവച്ച തിരുനാൾ" എന്നും വിളിച്ചുവരുന്നു.

വി. ഒന്നാം ഗ്രിഗോറിയോസ് പാപ്പായുടെ കാലത്താണ് ലത്തീൻറീത്തുകാർ ഈ തിരുനാൾ ആദ്യമായി ഘോഷിക്കുന്നതിന്നു തുടങ്ങിയത്. ഒന്നാമത്തെ സേർജിയൂസ് മാർപ്പാപ്പാ ഈ തിരുനാളിന്നു പ്രദക്ഷിണംകൂടി ഉണ്ടായിരിക്കണമെന്നു നിശ്ചയിച്ചു. മെഴുകുതിരി നവമായി ആശീർവ്വദിച്ച്, കുർബാനക്കും പ്രദക്ഷിണത്തിനും ഉപയോഗിക്കുന്ന സമ്പ്രദായം തുടങ്ങിയത് പതിനൊന്നാം നൂററാണ്ടിന്നു ശേഷമാണ്. വിശുദ്ധ അൻസേൽമൂസിന്റെ അഭിപ്രായപ്രകാരം എരിയുന്ന മെഴുകുതിരി മ്ശിഹായെ ആകുന്നു ദൃഷ്ടാന്തമാക്കുന്നത്. വന്ദ്യനായ ശെമഓൻ ബാവാ മ്ശിഹായെ സ്വകരങ്ങളിൽ എടുത്തുകൊണ്ടു ദൈവത്തിന്നു സമർപ്പിച്ചപ്പോൾ "ഈ ബാലൻ ഇസ്രായേലിന്റെ പ്രകാശമാകുന്നു" എന്നാണല്ലൊ വിളിച്ചുപറഞ്ഞത്. പ്രകാശത്തിന്റെ മക്കളായ വിശ്വാസികളെല്ലാവരും നീതിയുടെ സൂര്യനായ മ്ശിഹായെ അഭിമുഖമായി കാണുന്നതിന്നു പുറപ്പെടേണ്ടതാണെന്നും, അന്ധകാരമയമായ പാപത്തെ അനുതാപത്താൽ ഹനിച്ച് ദൈവപ്രസാദത്തെ നിത്യപ്രകാശമായി സൂക്ഷിക്കേണ്ടതാണെന്നും, മ്ശിഹാ ഓർശ്ലേം ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ തന്റെ ദൈവികത്വത്തിൽ സ്ഥിരമായി വിശ്വസിച്ചുകൊണ്ട് അടുത്തു നിന്നിരുന്ന, അന്നയുടെ ദൃഷ്ടാന്തത്തിന്ന് അനുസരണമായി ജീവിക്കേണ്ടതാണെന്നും കാണിക്കുന്നു. പ്രതിവത്സരം ശുദ്ധീകരത്തിരുനാളിന്റെ സ്മരണ തിരുസഭ ആഘോഷിക്കുന്നതു നമ്മുടെ ആത്മശുദ്ധീകരണത്തേയും ഉദ്ദേശിച്ചാകുന്നുയെന്നുള്ളത് സ്പഷ്ടമാണ്. നസ്സറസ്സിലെ തിരുക്കുടുംബത്തിന്റെ മഹത്തായതും, അനുകരണീയമായതുമായ ഈ സുകൃതകൃത്യം എല്ലാദുർഗ്ഗുണങ്ങളുടെയും ചുവടായിരുന്ന നിഗളത്തെ നമ്മിൽനിന്നു പിഴുതുകളയുന്നതിന്നും, തൻമൂലം മററു സൽപ്രവൃത്തികൾ നമ്മിൽ പ്രകാശിക്കുന്ന

തിന്നും നമ്മെ ഉത്സാഹിപ്പിക്കുന്നതാണ്. പാപാന്ധകാരത്തിന്നും, ദുരാശകളുടെ ആക്രമണത്തിന്നും വശംവദകളായിരുന്ന യഹൂദസ്ത്രീകളെ ബാധിക്കുന്ന മൂശയുടെ നിയമം, ഹൃദയശുദ്ധി, നീതി, വിനയം ആദിയായ സുകൃതങ്ങളുടെ വിളനിലമായ തിരുക്കുടുംബത്തെ ഒരു നാളും ബാധിക്കുന്നതല്ലായിരുന്നു. എങ്കിലും, ഇവർ പാപികളുടെയും, ദുഷ്ടന്മാരുടെയും, കൂട്ടത്തിൽ ഗണിക്കപ്പെടുന്നതിന്നും, അവരെപ്പോലെയൊ, അതിൽ കൂട്ടതലായൊ പഴയ പ്രമാണങ്ങളെ കാക്കുന്നതിനും അത്യുത്സാഹികളായിരുന്നു. ദൈവമഹത്വത്തെ നിസ്സാരമാക്കിക്കൊണ്ടു മിശിഹാ, പാപികളെപ്പോലെ അനുസരിച്ച ഛേദനാചാരകർമ്മവും ഇതിനോടു യോജിക്കുന്ന ഒന്നാണ്. ഇതു നമ്മുടെ രക്ഷയെ ഉദ്ദേശിച്ച് ദിവ്യരക്ഷകൻ ചെയ്ത അത്ഭുതകരമായ എളിമപ്രവൃത്തിയാകുന്നു. സകല ദുഷ്കൃത്യങ്ങളുടെയും വിത്തായിരിക്കുന്ന അഹങ്കാരത്തെ നാം എങ്ങിനെ നീക്കിക്കളയണമെന്നും പ്രമാണങ്ങളെ നാം എത്ര ഉത്സാഹത്തോടുകൂടെ തികക്കേണ്ടതാണെന്നും ഇതിൽനിന്നും പഠിക്കേണ്ടതാണ്. നാം പാപികളും പ്രമാണത്തിന്നു അധീനന്മാരും, തിരുക്കുടുംബാംഗങ്ങൾ സുകൃതവാന്മാരും പ്രമാണകർത്താക്കന്മാരും ആകുന്നു. ഈ സ്ഥിതിക്കു നമ്മുടെ അഹംഭാവം എത്രയൊ നിന്ദാവഹമാണ്! പരിശുദ്ധ കന്യകമറിയത്തിന്റെ ഈ എളിമപ്രവൃത്തിയെക്കുറിച്ചുള്ള വി. ബർണ്ണാർദ്ദ് വേദപാരംഗതന്റെ വാക്കുകളെ നാം സദാ സ്മരിക്കേണ്ടതാണ്." "വാഴ്ത്തപ്പെട്ട കന്യകെ! ശുദ്ധീകരണത്തിന്നു നിനക്കു യാതൊരാവശ്യവും ഇല്ല. നിന്റെ പുത്രന് ഛേദനാചാരത്തിന്റെ ആവശ്യകതയുണ്ടായിരുന്നു. നിന്റെ പുത്രൻ സാധാരണ ഉണ്ണികളുടെ ഗണത്തിൽചേർന്ന സ്ഥിതിക്കു നീയും മററു സ്ത്രീകളുടെ കൂട്ടത്തിലായിരിക്കുക; ഓ! നിന്റെ ദൃഷ്ടാന്തം എന്നെയും, മററനേകരെയും ലജ്ജിപ്പിക്കുന്നു." ഈ ദിവ്യന്മാരുടെ ഔന്നത്യവും, നമ്മുടെ ഹീനതരങ്ങളായ ദുഷ്ടകൃത്യങ്ങളും എങ്ങിനെയിരിക്കുന്നുവെന്നു ഗാഢമായി പര്യാലോചിച്ചാൽ വി. ബർണ്ണാദിന്റെ വാക്യങ്ങളുടെ അർത്ഥം ഒരുവിധം മനസ്സിലാക്കാവുന്നതാണ്. അഹംഭാവം, അവിശ്വാസം, അനുസരണമില്ലായ്മ മുതലായ ദുർഗ്ഗുണങ്ങൾക്കു അനധീനമായിരുന്ന തിരുക്കുടുംബത്തെ മാതൃകയായി സ്വീകരിക്കുന്നതിന്നു ആവശ്യമുള്ള സകല അനുഗ്രഹങ്ങളേയും തരുന്നതിനു ഈ ദിവ്യമാതാവിനോടു നമുക്കു അപേക്ഷിക്കാം. അനുഗ്രഹങ്ങളുടെ അമ്മയും, പാപികളുടെ സങ്കേതവും, പീഡിതന്മാരുടെ ആശ്വാസവും ആയ മറിയത്തിനു നമ്മേ സഹായിക്കാൻ കഴിയും. പരിശുദ്ധ കന്യകയുടെ മാദ്ധ്യസ്ഥം നമ്മെ ശുദ്ധീകരിക്കുന്നതിന്നും നമ്മുടെ സുകൃതകൃത്യങ്ങൾ നവമായി ആശീർവ്വദിക്കപ്പെട്ട മെഴുകുതിരികളുടെ പ്രപ്രകാശംപോലെ ശോഭിക്കുന്നതിനും സംഗതിയാകട്ടെ.

ഫാദർ ഹില്ലാര്യോൻ സി. ഡി.

---

# നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം.

വന്ദ്യ സഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ,

നാലു വർഷത്തിൽപ്പരമായി ലോകത്തെ, സമാധാനമില്ലായ്മയുടേയും, കഷ്ടനഷ്ടങ്ങളുടേയും കടലിൽ താഴ്ത്തിയ ലോകമഹാസമരം ഒരുവിധം പര്യവസാനിച്ച നിലയിലായശേഷം, ലോകത്തിന് ഇനി സുസ്ഥിരവും ദീർഘവുമായുള്ള സമാധാനമാർഗ്ഗങ്ങളെ കണ്ടു

പിടിപ്പാനായി, ലോകത്തിന്റെ മഹാശയന്മാരായ മഹത്തുക്കൾ ഗാഢമായ ആലോചനയിൽ പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ, ലോകസമാധാനാൎത്ഥം ദൈവം നമുക്കു തോന്നിക്കുന്ന ചില സദുപദേശങ്ങളെ നിങ്ങളോടറിയിക്കുന്നതു് വിഹിതമാകുന്നു എന്നു് നാം വിചാരിക്കുന്നു. ലോകസമാധാനത്തിന്റെ മഹാരഹസ്യം, മനുഷ്യഹൃദയങ്ങളിലും, ക്രിസ്തീയകുടുംബങ്ങളിലും ഇരിക്കുന്നുവെന്നു നാം ഉറപ്പായി നിങ്ങളോടു പറയുന്നു. മനുഷ്യരുടെ ഹൃദയങ്ങളും കുടുംബങ്ങളും നന്നാകാതെ ലോകത്തിൽ ഒരിക്കലും സുസ്ഥിരമായ സമാധാനം ഉണ്ടാകയില്ല. എന്തെന്നാൽ രാജ്യങ്ങളും നഗരങ്ങളും, ചെറിയ ചെറിയ ഭവനങ്ങൾ കൂടിയുണ്ടാകുന്നതാകുന്നു. ആകയാൽ കുടുംബങ്ങളിൽ സമാധാനവും ഐകമത്യവും ഉണ്ടാകാതെ ലോകത്തിലും സമാധാനമുണ്ടാകയില്ല. എന്നാൽ കുടുംബത്തിൽ സമാധാനമുണ്ടാകണമെങ്കിൽ, ലോകത്തിലുള്ള സകല കുടുംബങ്ങൾക്കും മാതൃകയും ദൃഷ്ടാന്തവുമായി നമുക്കു കാണിച്ചുതരപ്പെട്ടിട്ടുള്ള നസ്രത്തിലെ ആ വിശുദ്ധ കുടുംബത്തെ എല്ലാ കുടുംബങ്ങളും കണ്ടുപഠിപ്പാൻ ഉത്സാഹിക്കണം. ഈ ഉദ്ദേശസിദ്ധിക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തിരുക്കുടുംബത്തിന്റെ തിരുനാൾ സമീപിച്ചിരിക്കയാൽ ഈ വിശുദ്ധ കുടുംബത്തെ, എല്ലാ ക്രിസ്തീയകുടുംബങ്ങളും അനുകരിക്കേണ്ട മുറയെ സംബന്ധിച്ച് നാം ഈ അവസരത്തിൽ നിങ്ങളോടു ഒരു ചെറിയ ഉപദേശം പറവാൻ പോകുന്നു

വന്ദ്യസഹോദരന്മാരേ സ്നേഹിക്കപ്പെട്ട മക്കളേ, ഈശോ മറിയം യൌസേപ്പെന്ന മൂന്നു ദിവ്യാളുകൾ കൂടിയ നസ്രത്തിലെ തിരുക്കുടുംബം എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കും മാതൃകയാകുന്നു. മറിയം എല്ലാ ഭാൎയ്യമാൎക്കും, വി യൌസേപ്പ് എല്ലാ ഭൎത്താക്കന്മാൎക്കും, ബാലനായ ഈശോ എല്ലാ കുട്ടികൾക്കും ഉത്തമമാതൃകയാകുന്നു

(൧) പിതാവായ ദൈവത്തിന്റെ പ്രതിപുരുഷനായി നസ്രത്തിലെ വിശുദ്ധ കുടുംബത്തിനു ശിരസ്സായിരുന്ന വി. യൌസേപ്പിനു ദൈവജനനിയായ മറിയം എങ്ങനെ കീഴ്വഴങ്ങി വിശ്വസ്തശുശ്രൂഷ ചെയ്തുവന്നു എന്നു് എല്ലാ ക്രിസ്തീയ ഭാൎയ്യമാരും നല്ലവണ്ണം ചിന്തിക്കട്ടെ സ്ത്രീകളുടെ അനുസരണത്തെ സംബന്ധിച്ചു് വി. പൌലോസ് പറയുന്നതായതു്: "സഭ മ്ശിഹായ്ക്കു് അനുസരണമുള്ളതാകുന്നതുപോലെ എല്ലാക്കാൎയ്യങ്ങളിലും ഭാൎയ്യ പുരുഷനു് അനുസരണമുള്ളവളായിരിക്കട്ടെ" (അപ്പസായെ. ൫. ൨൪). ദൈവമാതാവായ മറിയം പല ന്യായങ്ങളാൽ യൌസേപ്പിനേക്കാൾ ശ്രേഷ്ഠതയും മഹിമയുമുള്ളവളായിരുന്നു എങ്കിലും അവർ തന്റെ ഭൎത്താവെന്നുള്ള നിലയിൽ അദ്ദേഹത്തിനു് എല്ലാക്കാൎയ്യങ്ങളിലും പൂൎണ്ണമായി കീഴ്വഴങ്ങി വന്നു. മറിയത്തെപ്പോലെ എല്ലാ ക്രിസ്തീയ ഭാൎയ്യമാരും തങ്ങളുടെ ഭൎത്താക്കന്മാൎക്കു് ആജ്ഞാനുസരണമുള്ളവരായി, അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെങ്കിൽ, നസ്രത്തിലെ വിശുദ്ധ കുടുംബത്തിലെപ്പോലെ എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും സമാധാനവും ഭാഗ്യവും ഉണ്ടാകും. കൂടാതെ പിതാക്കന്മാരെ ബഹുമാനിക്കുന്നതിലും അവൎക്കു കീഴ്വഴങ്ങുന്നതിലും ഇവർ മക്കൾക്കു നല്ല മാതൃകകൾകൂടെയും ആകും.

(൨.) പുരുഷനു്, ഭാൎയ്യയുടെ നേൎക്കുള്ള പ്രധാന കടമകൾ സ്നേഹവും, സഹായവും വിശ്വസ്തതയുമാകുന്നു. ചില വിഷമഘട്ടങ്ങളിൽത്തന്നെയും, വി. യൌസേപ്പ് എപ്രകാരം മറിയത്തോടു വിശ്വസ്തനായി അവരെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്തുവന്നു എന്നുള്ളതു് എല്ലാവൎക്കും സുസ്പഷ്ടമായ കാൎയ്യമാണല്ലോ. "മ്ശിഹാ സഭയെ സ്നേഹിച്ചതുപോലെ ഭൎത്താക്കന്മാർ തങ്ങളുടെ ഭാൎയ്യമാരെ സ്നേഹിക്കണ"മെന്നു് വി. പൌലോസ് കല്പിക്കുന്നു. (അപ്പസായെ. ൫. ൨൫.). എന്നാൽ ഈ സ്നേഹം മൃഗങ്ങളുടെ സ്നേഹത്തിനു തുല്യമായതോ, അജ്ഞാനികളുടേതുപോലെ കേവലം മാനുഷികമായതോ അല്ല; മ്ശിഹാ സഭയേയും, സഭ മ്ശിഹായേയും സ്നേഹിക്കുന്നതുപോലെ അതു് പവിത്രവും അമാനുഷികവും ആയിരിക്കണം. തിരുക്കുടുംബനായികയുടേയും വിശുദ്ധ യൌസേപ്പിന്റേയും പരസ്പരസ്നേഹം ഇപ്രകാരമുള്ളതായിരുന്നു ക്രിസ്തീയദമ്പതിമാരുടെ അന്യോന്യസ്നേഹവും ഇതിനു തുല്യമായതായിരിക്കണം അവർ ക്ഷീണതകളേയും ശീലക്കേടുകളേയും പരസ്പരം ക്ഷമയോടും ഔദാൎയ്യത്തോടുംകൂടി സഹിക്കണം. ഈ കാൎയ്യത്തിൽ തത്വജ്ഞനായ സോക്രറ്റീസ് എല്ലാ പുരുഷന്മാൎക്കും ഒരു ദൃഷ്ടാന്തമാകുന്നു. എങ്ങനെയെന്നാൽ, ഇദ്ദേഹത്തിന്റെ ഭാൎയ്യ ദുശ്ശീലയും, വലിയ തന്നിഷ്ട

ക്കാരിയമായിരുന്നു. ഒരു ദിവസം ഇദ്ദേഹം തന്റെ വീട്ടിന്റെ 'മുൻവശത്തിരുന്ന്, ശിഷ്യഗണത്തിന്ന് തത്വപാഠകം ചെയ്തുകൊണ്ടിരിക്കെ, അദ്ദേഹത്തിന്റെ ഭാര്യ മേൽത്തട്ടിലുള്ള ജനലിൽനിന്നു ശകാരം ആരംഭിക്കയും കുടശി അദ്ദേഹത്തിന്റെ തലയിൽ ഒരു കുടം വെള്ളം ഒഴിക്കയും ചെയ്തു. "കാറ്റും, കൊടുങ്കാറ്റും, ഇടിയും മഴയുമായി അവസാനിക്കുമെന്നു ഞാൻ അറിയേണ്ടതായിരുന്നു" എന്നു മാത്രം അദ്ദേഹം മന്ദഹാസപൂർവ്വം പറഞ്ഞുകൊണ്ട് ആ സ്ഥലത്തിൽനിന്നു മാറിയിരുന്നു. ഇപ്രകാരം പുരുഷന്മാർ, അബലകളും, വിചാരക്കുറവുള്ളവരുമായ സ്ത്രീകളുടെ സ്വഭാവദൂഷ്യങ്ങളെ മാഹാത്മ്യപൂർവ്വം ക്ഷമിക്കേണ്ടതാണ്.

(ഝ) കുട്ടികളെ സംബന്ധിച്ചുള്ള മാതാപിതാക്കന്മാരുടെ മുഖ്യതമമായ കടമ അവരെ ദൈവഭയത്തിൽ വളർത്തുന്നതാകുന്നു. മാതാപിതാക്കളുടേയും മക്കളുടേയും നിത്യവും താല്ക്കാലികവുമായ ഭാഗ്യവും ക്ഷേമവും ഇതിനെ ആശ്രയിച്ചുനിൽക്കുന്നു. ദൈവപുത്രനായ ഈശോ മുപ്പതോളം സംവത്സരം മറിയത്തിന്റെയും യൌസേപ്പിന്റെയും കല്പനയിലും വരുതിയിലും അനുസരണമുള്ളവനായിരുന്നുകൊണ്ട് കുട്ടികളുടെ നല്ലവളർത്തലിന്റെ ആവശ്യകതയെ നമ്മേ പഠിപ്പിച്ചു. കുട്ടികളുടെ വളർത്തൽ മുഖ്യമായി മാതാക്കളേയാണ് ആശ്രയിച്ചിരിക്കുന്നത്. എന്തെന്നാൽ അവരുടെ മടിയിൽ കുട്ടികളുടെ ആദ്യകാലം നയിക്കപ്പെടുന്നു. പുരുഷന്മാർ കുടുംബസന്ധാരണാർത്ഥം ബുദ്ധിമുട്ടുള്ള ജോലികളിൽ പ്രവേശിപ്പാൻ നിബന്ധിതരാകുന്നു. എങ്കിലും, ഈ സാരമേറിയ വേലയിൽ പിതാവ് മാതാവിനെ സഹായിക്കേണ്ടതാകുന്നു. പിതാവ് തന്റെ പ്രകൃതിക്കനുരൂപമായ ശക്തിയുടേയും, ആജ്ഞയുടേയും ന്യായത്താൽ, ദൈവശക്തിയേയും നീതിയേയും, മാതാവ് അവൾക്കു സഹജമായ കരുണയും സ്നേഹവുംമൂലം ദയയും ഔദാര്യവുമെന്ന ഇരു ദൈവലക്ഷണങ്ങളേയും തങ്ങളിൽ പ്രതിഫലിപ്പിക്കുന്നു. മാതാവ് പഠിപ്പിക്കുന്നവയെ, പിതാവ് തന്റെ അധികാരശക്തിയാൽ സ്ഥിരീകരിക്കയും, ആജ്ഞയാൽ ബലപ്പെടുത്തുകയും വേണം. കുട്ടികളുടെ ഭവിഷ്യ ഭാഗ്യാഭാഗ്യം അവർ ബാല്യത്തിൽ കൈക്കൊള്ളുന്ന വളർത്തലിന്റെ വിധത്തെ അനുസരിച്ചിരിക്കും എന്ന തത്വത്തെ മാതാപിതാക്കന്മാർ ഒരിക്കലും വിസ്മരിച്ചുകളയരുത്. കുട്ടികൾ തങ്ങളുടെ കൈയിൽ ഒരു കഷണം മെഴുകുപോലെ ഇരിക്കുന്നു എന്നും, അവരെ തങ്ങളുടെ ഇഷ്ടംപോലെ മാലാഖമാരായിട്ടും പിശാചുക്കളായിട്ടും ആകൃതിപ്പെടുത്താമെന്നും അവർ നല്ലവണ്ണം ഓർക്കണം. കുട്ടികളെ ആദ്യമായി പഠിപ്പിക്കുന്ന പാഠങ്ങൾ അവരുടെ ഹൃദയങ്ങളിൽ ഗാഢമായി പതിയുന്നു. അവ എളുപ്പത്തിൽ മായിക്കപ്പെടാവുന്നവയല്ല. ഇളംപ്രായത്തിൽ ഒരു തൈയുടെ പട്ടയിൽ ഏല്ക്കുന്ന മുറിപാട് അതു വൃക്ഷമായി വളർന്നശേഷവും മായിക്കപ്പെടാതെ നിൽക്കുന്നു. ചാഞ്ഞുവളരുന്ന തൈകൾ ചാഞ്ഞുനിൽക്കുന്ന വൃക്ഷങ്ങളായി വളർന്നുവരുന്നതും നാം കണ്ടുവരുന്നവല്ലോ. നമ്മുടെ കുട്ടികളേ സംബന്ധിച്ചും ഈ തത്വം ബലമായി നിൽക്കുന്നുവെന്നു നാം ഓർക്കണം. ഈശോമ്ശിഹാ ദൈവപുത്രനായിരുന്നിട്ടും, തന്റെ മാതാപിതാക്കളുടെ ആജ്ഞയെ മുപ്പതു സംവത്സരത്തോളം അനുവർത്തിച്ചുകൊണ്ട് ഈ തത്വത്തെ ഉറപ്പിക്കുന്നു.

വന്ദ്യ സഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ, കുട്ടികളുടെ നല്ലവളർത്തലിലും വിദ്യാഭ്യസനത്തിലും മാതാപിതാക്കന്മാരെ സഹായിപ്പാൻ നമ്മുടെ ഉദ്യോഗനില നിമിത്തം നമ്മുടെമേൽ ഭാരമേറിയ ചുമതലയുണ്ടെന്നു നാമറിയുന്നു. ഇതിനാലാകുന്നു നാം ഈ കാര്യം സംബന്ധിച്ച് പലപ്പോഴും നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ കുട്ടികളുടെ നല്ലവളർത്തലും സന്മാർഗ്ഗികജീവിതവും അനുസരിച്ചിരിക്കും അടുത്ത തലമുറയുടെ ഭാഗ്യവും ക്ഷേമവും. എന്തെന്നാൽ ഇന്നത്തെ കുട്ടികൾ നാളത്തെ മനുഷ്യരാകുന്നു. കത്തോലിക്കർ നടത്തുന്ന പള്ളിക്കൂടങ്ങൾ കുട്ടികളുടെ നല്ലവളർത്തലിനും സന്മാർഗ്ഗനിഷ്ഠയ്ക്കും എത്ര ഉപകരിക്കുന്നുവോ അത്രയും, അവിശ്വാസികളാൽ നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾ ഇവയ്ക്കു പ്രതികൂലങ്ങളാകുന്നു. ഇതിനാൽ ഈ ക്ഷാമകാലത്തും ഏറിയ ബുദ്ധിമുട്ടുകളെ സഹിച്ചുകൊണ്ട് നാം നമ്മുടെ കുട്ടികളുടെ— പ്രത്യേകം പെൺകുട്ടികളുടെ— ഉയർന്ന വിദ്യാഭ്യാസത്തിനായി ഇംഗ്ലീഷും മലയാളവും പഠിപ്പിക്കുന്ന വിദ്യാലയങ്ങളേയും കന്യകാമഠങ്ങളേയും കുട്ടികളുടെ വളർത്തുശാലകളേയും നമ്മുടെ ശക്തിയിൽ ഒരുവിധം കുറിച്ചിലായി സ്ഥാപിക്കയും, അവയെ വള

രെ കഷ്ടനഷ്ടം സഹിച്ചുകൊണ്ടു നടത്തിവരികയും ചെയ്യുന്നു. ആകയാൽ നമ്മുടെ മുൻകല്പന അനുസരിച്ച് കുട്ടികളെ കത്തോലിക്ക പള്ളിക്കൂടങ്ങളിലും കന്യകാമഠങ്ങളിലും വിട്ടു പഠിപ്പിക്കുന്നതിൽ മാതാപിതാക്കന്മാരും, രക്ഷാകർത്താക്കന്മാരും, ബ. വികാരിമാരും ജാഗരൂകന്മാരായിരിക്കണമെന്ന് നാം ഒന്നുകൂടെ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഈ തത്വത്തെ നാം നിങ്ങളെ പലപ്രാവശ്യം അറിയിച്ചിട്ടും പലരും, ഇനിയും ഇതിന്റെ ഗൌരവത്തെ വേണ്ടവണ്ണം മനസ്സിലാക്കാതെ ഇതിനു പ്രതികൂലമായി പ്രവൎത്തിച്ചുകൊണ്ട് നിൎദ്ദയമായി തങ്ങളുടെ കുട്ടികളുടെ കഴുത്തിനു കത്തിവച്ചു കാണുന്നതിൽ നാം അത്യധികം അത്ഭുതപ്പെടുകയും വ്യസനിക്കയും ചെയ്യുന്നു.

അവസാനമായി നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ തിരുനാൾ സമീപിച്ചുവരുന്ന ഈ അവസരത്തിൽ നിങ്ങൾ നിങ്ങളുടെ കുടുംബങ്ങളേയും നിങ്ങളുടെ സൂക്ഷത്തിൽ ഏൾപ്പിക്കപ്പെട്ടിരിക്കുന്ന ദിവ്യ പണയങ്ങളായ നിങ്ങളുടെ കുട്ടികളെയും, ഈ ദിവ്യ കുടുംബത്തിന്റെ സംരക്ഷണയിൽ ഏൾപ്പിച്ചുകൊണ്ട് ഈ ദിവ്യ കുടുംബത്തിന്റെ ജീവിതമുറയെ ആചരിച്ചുവരുവാൻ താല്പൎയ്യപ്പെടുകയും, ഈ കാൎയ്യസാദ്ധ്യത്തിനായി ഈശോ മറിയം യൌസേപ്പെന്നവരുടെ സ്തുതിക്കായി നിങ്ങൾ കഴിച്ചുവരുന്ന പ്രാൎത്ഥനകളെ ഭക്തിപൂൎവ്വം ദിവസംപ്രതി നടത്തിവരികയും ചെയ്യണമെന്നുന്ന അപേക്ഷയോടുകൂടി നമ്മുടെ ഉപദേശത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്തിൽ, ആമ്മേൻ.

## മംഗളം.

എണ്ണിക്കൂടാത്ത വാനിൻമഹിമകളഖിലം നീക്കിവെച്ചൻപുമൂലം
മണ്ണിൽ താപംസഹിക്കും നരരുടെ കലുഷംനീക്കുവാൻ ജാതനായോൻ
വിണ്ണിൻനാഥന്റെപുത്രൻ പരമസുകൃതവാരാശി സംപൂജ്യനാം പൊ-
ന്നുണ്ണിക്കുള്ളോരു പാദാംബുജയുഗളമിവൻ സാദരം കുപ്പിടുന്നു.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

# മതപ്രചാരണം.

ക്രിസ്ത്വബ്ദത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ, മ്ശിഹായുടെ പന്ത്രണ്ടു ശിഷ്യന്മാരിൽഒരാളായ മാർ തോമ്മാശ്ലീഹായുടെ പാദസ്പൎശനത്താൽ നമ്മുടെ മാതൃഭൂമി പാവനമായിത്തീൎന്നിട്ടുള്ളതാണല്ലൊ. തോമ്മാശ്ലീഹാ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും ചുററിസഞ്ചരിച്ച് അത്ഭുതപ്രവൃത്തികളാലും സാരോപദേശങ്ങളാലും രാജാക്കന്മാരെയും പ്രജകളേയും പണ്ഡിതന്മാരെയും പാമരന്മാരെയും സത്യമതത്തിലേക്ക് ആനയിച്ചിട്ടുണ്ട്. രണ്ടുമൂന്നു ശതവൎഷങ്ങൾക്കുശേഷം അതായതു് ൩൪൫-ൽ കാനാതോമ്മായും കൂട്ടരും നമ്മുടെ രാജ്യത്തു പ്രവേശിച്ചതിനോടെ, ഇവിടത്തെ ക്രിസ്ത്യാനികളുടെ "വിലയും നിലയും" പൂൎവ്വാധികം വൎദ്ധിച്ചു. ഈ അഭിവൃദ്ധി, പിൽക്കാലത്തിലും തുടൎന്നുകൊണ്ടുതന്നെ ഇരുന്നുവെന്നാണു ചരിത്രങ്ങളിൽ കാണുന്നതു്. ആറും ഒമ്പതും പന്ത്രണ്ടും ശതാബ്ദങ്ങളിൽ ഇൻഡ്യയെ സന്ദൎശിച്ച മഹാന്മാർ എഴുതിയിട്ടുള്ള ചരിത്രങ്ങളിൽനിന്നും, നമ്മുടെ പൂൎവ്വീകന്മാരുടെ സ്ഥിതിയെപ്പററി ഗ്രഹി

ക്കാം. പതിമൂന്നാം നൂററാണ്ടിന്റെ മദ്ധ്യത്തിൽത്തന്നെ മാപ്പാപ്പായുടെ പ്രതിനിധി ഇൻഡ്യയിൽ ഉണ്ടായിരുന്നു. പതിനഞ്ചാംശതവഷത്തിന്റെ ആരംഭത്തിലാകട്ടെ, ഒരു സ്വജാതീയരാജാവുണ്ടാകത്തക്കവണ്ണം അവർ എണ്ണത്തിലും വണ്ണത്തിലും അത്യധികം വർദ്ധിച്ചു. അക്കാലത്തു്, ഒരുനൂറിൽപ്പരം പള്ളികളും അമ്പതിനായിരത്തോളം വീടുകളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇതാണ് ഭാരതീയ ക്രിസ്ത്യാനികളുടെ ആദ്യത്തെ പതിമൂന്നു ശതവത്സരങ്ങളിലെ പ്രചാരണത്തിന്റെ ചരിത്രസംക്ഷേപം.

൧൪൯൭-ൽ ഏതാനും പോർട്ടുഗീസു മിഷ്യനറിമാരോടുകൂടി വാസ്കോഡി ഗാമാ കോഴിക്കോട്ടു വന്നിറങ്ങിയതിനോടെ, മതപ്രചാരണത്തിനു് അസാധാരണമായ ഔജ്ജ്വല്യം സിദ്ധിച്ചു എന്നുള്ളതു നിസ്തക്കമായ സംഗതിയാണ്. ൧൫൦൦-ൽ ഒമ്പതു് എടവകപ്പട്ടക്കാരും എട്ടു് പ്രാൻസിസ്കൻ സന്യാസികളും വന്നുചേരുകയും, ഉടനെതന്നെ ഉത്സാഹപൂൎവ്വമായ അവരുടെ വേദപ്രചാരണത്തിന്റെ ഫലം പ്രത്യക്ഷപ്പെട്ടുതുടങ്ങുകയും ചെയ്തു. എങ്കിലും നാല്പത്തുരണ്ടു വഷങ്ങൾക്കുശേഷമാണ് തോമ്മാശ്ലീഹായുടെ യഥാൎത്ഥ പിൻഗാമി ഇൻഡ്യയിൽ കാലുവെച്ചതു്. വിശുദ്ധ ശൌരിയാരിന്റെ പുണ്യജീവിതവും അത്ഭുതപ്രവൃത്തികളും ഉപദേശങ്ങളും മൂലം, സത്യവേദത്തിൽ ചേൎന്നിട്ടുള്ളവൎക്കു് ഒരു കയ്യുംകണക്കുമില്ല. ഒരുമാസത്തിനുള്ളിൽ സ്വഹസ്തംകൊണ്ടുതന്നെ പതിനായിരം ആളുകളെ ജ്ഞാനസ്നാനപ്പെടുത്തിയതായി അദ്ദേഹത്തിന്റെ എഴുത്തുകളിൽ കാണുന്നു. പതിനാറാം ശതവഷത്തിന്റെ ഒടുവിൽവന്ന റോബർട്ട് ഡിനൊബിലിയുടെയും അനുഗ്രഹീതനായ ജോൺ ബ്രിട്ടോയുടേയും പരിശ്രമങ്ങളും അസാമാന്യം വിജയകരങ്ങളായിരുന്നു. ഇതിനിടയ്ക്കു പോർട്ടുഗീസുകാരുടെ ശക്തി ക്ഷയിച്ചുതുടങ്ങിയതിനാലും പ്രോട്ടസ്റ്റൻറ്, മതവൈരാഗികളായ ഡച്ചുകാരുടെ പ്രാബല്യം വദ്ധിച്ചുവന്നതിനാലും മതപ്രചാരണത്തിനു സ്വല്പം തടസ്സം നേരിടാതിരുന്നില്ല. എങ്കിലും പ്രാൻസിസ് ലെയി, മാർട്ടിൻ, ബസ്ക്കി, ബുഷേ എന്നി പ്രസിദ്ധ മിഷ്യനറിമാരുടെ അശ്രാന്ത പരിശ്രമത്താൽ ഇൻഡ്യയിൽ പലയിടങ്ങളിലുമായി അസംഖ്യം ആളുകൾ മാനസാന്തരപ്പെട്ടിട്ടുണ്ട്. ഇവരുടെ അനന്തരഗാമികളായ അനേകം മിഷ്യനറിമാർ, നമ്മുടെ ഭാരതഭൂമിയെ സത്യവേദത്തിലേക്കു് ആനയിക്കുന്നതിനു് ഇപ്പോഴും നിരന്തരപരിയത്നം ചെയ്തുകൊണ്ടുതന്നെ വരുന്നു. വിദേശീയരുടെ വേദപ്രചാരണപ്രവൃത്തികളെപ്പററി ആണല്ലൊ ഇതുവരെയും നാം പരിഗണനം ചെയ്തതു്. ഇനി നമ്മുടെ ജന്മഭൂമിയുടെ യഥാൎത്ഥമായ ഉന്നമനത്തിനു്— മാനസാന്തരത്തിനു്— സ്വദേശികളായ നാം എന്തെല്ലാമാണു ചെയ്തിട്ടുള്ളതെന്നു് ആലോചിക്കാം.

പാശ്ചാത്യ ക്രിസ്ത്യാനികളെപ്പോലെ മതപ്രചാരണത്തിൽ നമ്മുടെ പൂൎവ്വന്മാർ അധികമൊന്നും പ്രവൎത്തിച്ചിട്ടുള്ളതായി ചരിത്രങ്ങളിൽ കാണുന്നില്ല. അവരുടെ കുലീനതകൊണ്ടോ, ഹിന്ദുസഹോദരങ്ങളുടെ ഇടയിലുള്ള ജാതിനിഷ്ഠയേയും ആചാരക്രമത്തേയും അനുകരിച്ചോ എന്തോ അന്യരെ സത്യവേദത്തിൽ ചേൎക്കുന്നതിനു് ഇടക്കാലത്തു് അവർ വൈമുഖ്യമാണു പ്രദശിപ്പിച്ചു വന്നതു്. ൧൯-ാം ശതാബ്ദത്തിൽ ഇൻഡ്യയിൽ വന്ന മിഷ്യനറിമാരിൽ പലരും മലയാളികളുടെ ഗർഹണീയമായ ഈ സ്വഭാവഗതികണ്ടു വളരെവിസ്മയിച്ചിട്ടുണ്ട്. ഇൻഡ്യയുടെ രണ്ടാമത്തെ അപ്പസ്തോലനായ വിശുദ്ധ ശൌൎയ്യാർപോലും, വി. ഇഗ്നേഷ്യസ്സിനു അയച്ച എഴുത്തുകളിൽ ഈ സംഗതിയെപ്പററി പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ കുറേക്കാലമായിട്ടു്— ഏറെ ആയിട്ടില്ല— കേരളത്തിലും മതപ്രചാരണത്തിനു് ഒരു ഉണർച്ചയുണ്ടായിട്ടുണ്ട്. ദീഘകാലത്തെ സുഷുപ്തിയിൽനിന്നും നമ്മുടെ ആളുകൾ ഉണൎന്നിരിക്കുന്നു. സഹോദരങ്ങളും, പലേകാൎയ്യങ്ങളിലും സ്വസഹകാരികളും ആയ എത്രയോപേരെ, നിഷ്പ്രയാസം സൽപന്ഥാവിലേക്കു് ആനയിക്കാമായിരുന്നിട്ടും, തങ്ങൾ ഇതുവരെയും അങ്ങനെ ചെയ്യാതിരുന്നതിനെ ഓൎത്തു്, കേരളീയ കത്തോലിക്കർ വ്യസനിച്ചു തുടങ്ങിയിരിക്കുന്നു. പലേ യുവജനസമാജങ്ങളിലും വൈദികരും ലൌകികരും മതപ്രചാര

ണത്തെപ്പററി പ്രസംഗങ്ങൾ ചെയ്യുന്നു. കുറവിലങ്ങാട്ടുവച്ചുകൂടിയ സാമൂഹ്യസമ്മേളനത്തിലെ പ്രതിപാദിതവിഷയങ്ങളിൽ ഒന്നു് "വേദപ്രചാരണ"മായിരുന്നല്ലൊ.

മതപ്രചാരണമെന്നു കേൾക്കുമ്പോൾ, പുലയരുടെ കാര്യമാണു് ആദ്യമായി നമ്മുടെ മനസ്സിൽ ആരോഹണം ചെയ്യുന്നതു്. ഇവരുടെ മാനസാന്തരം ക്ഷണസാദ്ധ്യമായിരുന്നിട്ടും, ഈ സംഗതിയിൽ നമ്മുടെ ദൃഷ്ടി പതിഞ്ഞിട്ടു് ഇനിയും അധികകാലമായിട്ടില്ല. ഇടക്കാലങ്ങളിൽ ശ്രമിച്ചവർതന്നെയും, അന്യാദൃശങ്ങളായ കഷ്ടനഷ്ടങ്ങളും ഉപദ്രവങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ടു്. ഇപ്പോഴാകട്ടെ, ധനംകൊണ്ടും ഉപദേശംകൊണ്ടും പ്രവൃത്തികൊണ്ടും പരിശുദ്ധമായ ഈ വേലയെ പ്രോത്സാഹിപ്പിക്കുന്നതിനു സന്നദ്ധരായി പലരുണ്ടെന്നുള്ളതു് ആശ്വാസകരം തന്നെ.

ഞങ്ങളുടെ മാന്യസഹജീവികളായ "സത്യനാദ"വും "തിരുഹൃദയദൂത"നും ഏതദ്വിഷയത്തിൽ ചെയ്യുന്ന പ്രവൃത്തികൾ സർവ്വഥാ ശ്ലാഘനീയങ്ങളാണു്. നമ്മുടെ മേലദ്ധ്യക്ഷന്മാരായ മെത്രാന്മാർ "ഇടയലേഖന"ങ്ങൾ വഴിയായും പ്രസംഗം മുഖേനയും മററും ഈ സദുദ്യമത്തിലേക്കു നമ്മെ ക്ഷണിച്ചുകൊണ്ടാണല്ലൊ ഇരിക്കുന്നതു്. കത്തോലിക്കാസമുദായപ്രമുഖന്മാരിൽ ഒരാളായ മിസ്റ്റർ ഐ. സി. ചാക്കോ മതപ്രചാരണ വിഷയത്തെ പുരസ്കരിച്ചുകൊണ്ടു് "നസ്രാണിദീപിക"യിൽ എഴുതിയിരുന്ന സാരതരവും യുക്തിയുക്തവുമായ ലേഖനം പലരും വായിച്ചിരിപ്പാൻ ഇടയുണ്ടു്. ശീസ്മക്കാരുടെ മനസ്സുതിരിവിനുവേണ്ടി തൃശ്ശൂർ വികാരി അപ്പോസ്തോലിക്കാ നി. വ. ദിവ്യശ്രീ യോഹന്നാൻ മെത്രാനച്ചനവർകൾ ചെയ്യുന്ന വിജയകരങ്ങളായ പരിശ്രമങ്ങളും; എറണാകുളം വി. അ. നി. വ. ദിവ്യശ്രീ ളൂയീസു മെത്രാനച്ചൻ അവർകളുടെ അധീനതയിൽ സ്ഥാപിതമായ വേദപ്രചാരസംഘത്തിന്റെ പരിയത്നങ്ങളും; ചങ്ങനാശേരി മിസ്സത്തിൽ ആശാസ്യമായി നടന്നുകൊണ്ടിരിക്കുന്ന മതപ്രചാരണപ്രവൃത്തികളും; ക. നി. മൃ. സഭയുടെ ഏതദ്വിഷയത്തിലുള്ള സാരതരങ്ങളും ആദരണീയങ്ങളുമായ പരിശ്രമങ്ങളും; വളരെ ഊർജ്ജിതമായി നടക്കുന്ന കൊല്ലം മിസ്സത്തിലെ മതപ്രചാരണത്തിന്റെ ചരിത്രവും; വരാപ്പുഴ അതിരൂപതയിലെ ഫലപ്രദവും അനുകരണീയവും ആയ വേദപ്രചാരണശ്രമങ്ങളും ചാരിതാർത്ഥ്യജനകങ്ങൾ തന്നെ. എങ്കിലും കേരളീയ കത്തോലിക്കാസഭയുടെ പുരാതനത്വവും, മതപ്രചാരണവിഷയത്തിൽ വിദേശീയരെ അപേക്ഷിച്ചു നമുക്കുള്ള കൂടുതൽ സൌകര്യങ്ങളും വിചാരിക്കുമ്പോൾ, ഇപ്പോഴത്തെ സ്ഥിതി ഒട്ടുംതന്നെ തൃപ്തികരമായിരിക്കുന്നില്ല. ഇവിടെ ൩൦ ലക്ഷത്തിൽപ്പരം ജനങ്ങളുള്ളതിൽ ഉദ്ദേശം ൩ ലക്ഷമേ കത്തോലിക്കരായുള്ളു. ഈ കണക്കനുസരിച്ചു നോക്കുന്നതായാൽ നൂറു കേരളീയർക്കു പത്തു കത്തോലിക്കർ വീതമായി. അതേ പത്താളുകൾക്കു് ഒരാൾവീതം! ഹാ! ഈ സ്ഥിതി എത്രയോ മർമ്മഭേദകമാണു്?

പലേ പാശ്ചാത്യരാജ്യങ്ങളും അജ്ഞാനത്തിലും അന്ധതയിലും സ്ഥിതിചെയ്തിരുന്നപ്പോൾ സത്യവിശ്വാസത്തിന്റെ പ്രകാശം ലഭിച്ചവരാണെന്നു ഘോഷിക്കുന്നവരല്ലയോ നാം? മുമ്പു് അന്ധന്മാരായിരുന്ന യൂറോപ്യന്മാർ, മതപ്രചാരണത്തിൽ പ്രദർശിപ്പിച്ച നിസ്വാർത്ഥപരതയാൽ, ഇതാ ഇപ്പോഴത്തെ അന്ധന്മാരായ നമ്മുടെ സ്വാർത്ഥപരതയെ ഉന്മൂലനം ചെയ്തിരിക്കുന്നു. അന്ധകാരാന്ധതകളുടെ സന്താനങ്ങളായ സ്വാർത്ഥതല്പരതയേയും അലസതയേയും വെടിഞ്ഞു്, പരോപകാരതല്പരതയാകുന്ന പ്രകാശത്തിൽ നാം ഇപ്പോഴെങ്കിലും പ്രവേശിച്ചുകഴിഞ്ഞല്ലൊ. ഇനി അലസതയ്ക്കു സ്ഥാനമില്ല. അനാസ്ഥയ്ക്കു സ്ഥലമില്ല. ഉണരുകയും ഉദ്യമിക്കുകയും യോജിക്കുകയും ചെയ്താൽ മതി.

മ്ശിഹായുടെ തിരുഹൃദയമേ! കേരളത്തെ അനുഗ്രഹിക്കുക. അമലോത്ഭവ കന്യകേ! കേരളത്തിന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കണമെ. കേരളത്തിലെ പ്രേഷകന്മാരായ മാർ തോമ്മാശ്ലീഹായേ! വിശുദ്ധ ശൌരിയാരെ! കേരളത്തിന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുക.

# പുസ്തകാഭിപ്രായങ്ങൾ.

1. "എളിമയുള്ളവർ ഉയർത്തപ്പെടും."

(മിസ്സ് അന്ന ജോസഫ് ഭാഷാന്തരം ചെയ്തതു്. വില അണ ൮. തൈക്കാട്ട്, തിരുവനന്തപുരം.)

പരിശുദ്ധ കന്യക മറിയത്തിന്റെ ഫ്രാൻസിസ്കൻസഭയിലെ ഒരംഗമായ സഹോദരി "മരിയ അസുന്ത"യുടെ ജീവചരിത്രം "വിവിധകാര്യങ്ങളിൽ ഏർപ്പെട്ടു വലഞ്ഞുകൊണ്ടിരുന്ന" സബ് അസിസ്റ്റന്റ് സജ്ജൻ, മിസ്സ് അന്ന ജോസഫ് വായിച്ചപ്പോൾ "സ്വമനസ്സിന്നു ഗണനീയമായ പകർച്ചയും ഉയർച്ചയും" ഉണ്ടായി. അതിനാലാണ് "കത്തോലിക്കാ സമുദായത്തിൽപ്പെട്ടവരും ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവരുമായ സഹോദരീ സഹോദരന്മാരുടെ ഉപയോഗാർത്ഥം," പരോപകാരിയും സമുദായസ്നേഹിയുമായ മിസ്സ് അന്ന ജോസഫ് പ്രസ്തുത പുസ്തകം മലയാള ഭാഷയിലേക്കു തർജ്ജമചെയ്തതു്. കത്തോലിക്കാ മലയാള സാഹിത്യത്തിന്റെ മഹാദാരിദ്ര്യം ഓർത്തു വ്യസനിക്കുന്ന ഭാഷാഭിമാനികൾക്കു്, സരസമായ രീതിയിലും നിർദ്ദോഷമായ ഭാഷയിലും വിരചിതമായ ഈ കൃതിയുടെ ആവിർഭാവം, ആനന്ദപ്രദവും ചാരിതാർത്ഥ്യജനകവും ആയിരിക്കുമെന്നുള്ളതിനു സംശയമില്ല. സ്വശുദ്ധീകരണത്തിന് "സ്വയ" ശുദ്ധീകരണമെന്നും, വാഗ്ദാനങ്ങൾ ചെയ്യുന്നു എന്നതിനുപകരം "വാഗ്ദത്ത"ങ്ങൾ ചെയ്യുന്നു എന്നും ചുരുക്കം ചില നിസ്സാരങ്ങളായ പ്രയോഗവൈകല്യങ്ങൾ മാത്രമേ ദോഷാംശമായി പറയാനുള്ളു. ചങ്ങനാശേരി, എറണാകുളം, തൃശൂർ എന്നീ മിസ്സങ്ങളിലെ നിതാന്തവന്ദ്യ ദിവ്യശ്രീമാന്മാരായ മെത്രാന്മാരുടെ അനുഗ്രഹപത്രങ്ങളും, പുസ്തകത്തിന്റെ ആയിരം പ്രതി എടുത്തുകൊള്ളാമെന്നു വാഗ്ദാനംചെയ്ത ബ. മദർ പ്രോവിൻഷ്യലിന്റെ സഹകരണവും ഗ്രന്ഥകർത്രിയെ വളരെ പ്രോത്സാഹിപ്പിച്ചിരിക്കണം. പ്രഥമകൃതിയുടെ അസാമാന്യമായ ഈ വിജയത്തെക്കുറിച്ചു മിസ്സ് അന്ന ജോസഫിനെ അഭിനന്ദിക്കുകയും, ഇതുപോലെ പ്രയോജനകരങ്ങളായ പലേ കൃതികളേയും ഭാഷാന്തരപ്പെടുത്തിക്കാണുന്നതിന് ആഗ്രഹിക്കയുംചെയ്യുന്നു.

2. "മത്സരസഭാഛേദിനി."

(പ്രസിദ്ധകൻ മിസ്റ്റർ ടി. എ. ഔസേപ്പ്, ഇരിങ്ങാലക്കുട. വില കാണിച്ചിട്ടില്ല.)

ഈ പ്രൗഢാഭിധാനത്തിലുള്ള ഒരു ലഘുലേഖയുടെ ഏതാനും പ്രതികൾ ഞങ്ങൾ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. "ഒരു റോമൻകത്തോലിക്ക് നിഷ്പക്ഷവാദി"യാൽ എഴുതപ്പെട്ട ഈ പുസ്തകത്തിന്റെ ഒന്നാമത്തെ ന്യൂനത, അതിനു സ്ഥലത്തെ മെത്രാന്റെ അനുമതിപത്രമില്ലാത്തതാണ്. മതസംബന്ധമായ കൃതികൾ പ്രസിദ്ധം ചെയ്യുന്നതിനു മുമ്പായി ഗ്രന്ഥകർത്താവിന്റെയോ, അതു പ്രസിദ്ധീകരിച്ച പ്രസ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്തെയോ മെത്രാന്റെ അനുവാദപത്രം ഉണ്ടായിരിക്കണമെന്നു തിരുസഭാനിയമമുണ്ടു്. രണ്ടാമതു ഞങ്ങൾക്കു പറയാനുള്ളതു് പുസ്തകത്തിൽ ആപാദചൂഡം പ്രത്യക്ഷമായിരിക്കുന്ന പുച്ഛരസമാണ്. നാഗൽസമുദായത്തെപ്പറ്റി പറഞ്ഞിരിക്കുന്ന രീതി ഞങ്ങൾക്കൊട്ടും രസിച്ചിട്ടില്ല. അനുകമ്പാപൂർവ്വവും സ്നേഹപുരസ്സരവുമായ വാദങ്ങളല്ലയോ അധികം ഫലം ചെയ്യുന്നതു്? പരാക്ഷേപം ഗർഹണീയവും, തത്വോപദേശം പ്രശംസനീയവുമാണെന്നു സ്പഷ്ടം.

# ജീവിതനവീകരണം.

നവവത്സരാരംഭത്തോടുകൂടെ നമ്മുടെ ജീവിതത്തെ നവീകരണംചെയ്യുന്നതു് എത്രയും ഉപകാരപ്രദമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. നാം ജനിച്ച നാൾമുതൽ നമ്മുടെ ജീവിതഗതിയുടെ ഓരോ ക്ഷണവും, നാഴികയും, ദിവസവും, മാസവും കഴിഞ്ഞുപോകയും ത

ന്നിമിത്തം നാം മരണത്തിന്നു സമീപിക്കയും ചെയ്യുന്നു. അതിനാൽ നമ്മുടെ ജീവിതത്തെ സസന്തോഷം അവസാനിപ്പിച്ച്, ഭാഗ്യസംപൂൎണ്ണമായ നിത്യജീവിതത്തിൽ നമുക്കു പ്രവേശിക്കുന്നതിനു ദൃഢമായ ആഗ്രഹമുണ്ടെങ്കിൽ, നമ്മുടെ ഇപ്പോഴത്തെ ജീവിതം ഒന്നു നവീകരിക്കതന്നെ ചെയ്യേണ്ടിയിരിക്കുന്നു. ഇതിന്നു പ്രധാനമായി രണ്ടു സംഗതികളാണ് നമ്മേ സഹായിക്കുന്നതു്. ഇവയിൽ ഒന്നാമത്തേതു്, പാപത്താൽ മലിനീകൃതമായ ദുർഗ്ഗുണനിഗ്രഹവും ആത്മശുചീകരണവും; രണ്ടാമത്തതു്, പുണ്യപ്രവൃത്തികളാലുള്ള ആത്മാവിന്റെ അലങ്കരണവുമാകുന്നു. എന്തെന്നാൽ സൃഷ്ടികളിൽ അഗ്രഗണ്യനും അവയുടെ അധിപനുമായിട്ട് ദൈവം മനുഷ്യനെ സൃഷ്ടിക്കുകയും തന്റെ ദിവ്യഛായയെ അവനിൽ പതിക്കുകയും സ്വാഭാവികവും സ്വാഭാവികാതീതവുമായ അനവധി നന്മകളാലും, ദാനങ്ങളാലും അവനെ അലംകരിക്കുകയും ചെയ്തു. പക്ഷേ പാപത്താൽ അവൻ ദൈവച്ഛായയെ വിരൂപമാക്കി; സ്വാഭാവികാതിതവരങ്ങളെ നഷ്ടമാക്കി; സ്വാഭാവിക വരങ്ങൾക്കു ഭംഗം വരുത്തി. തന്നിമിത്തം ദൈവം തന്റെ പ്രേമപൂൎവ്വമായ പൂങ്കാവായി സൃഷ്ടിച്ച മനുഷ്യാത്മാവ് മുൾച്ചെടികൾ നിറഞ്ഞ ഒരു വനമായിത്തീൎന്നു. ഈ നിൎഭാഗ്യസ്ഥിതിയിൽനിന്ന് അവനെ ഉയൎത്തി, പൂൎവ്വസ്ഥിതിയിൽ ആക്കുവാനായി നമ്മുടെദിവ്യരക്ഷകൻ ഇഹത്തിലെഴുന്നള്ളിവന്ന്, ആത്മികശുചീകരണത്തിനുപയുക്തമായ അനവധി ഉപകരണങ്ങൾ, ഉപദേശത്താലും, പ്രവൃത്തിയാലും നമുക്കു കാണിച്ചുതന്നിരിക്കുന്നു. എങ്കിലും, പ്രസിദ്ധ വേദപാരംഗതനായ വി. ആഗുസ്തീനോസ് "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കയില്ല" എന്നു പറഞ്ഞിരിക്കുന്നതു ഓൎത്തുകൊണ്ട് നമ്മുടെ ജീവിത നവീകരണത്തിന്ന് നാം അശ്രാന്ത പരിശ്രമം ചെയ്യേണ്ടതാണ്. പ്രസ്തുത നവീകരണത്തിന്ന് ഒരു നല്ല തോട്ടക്കാരനെ മാതൃകയായി എടുക്കുക. തോട്ടമുണ്ടാക്കുവാൻ ശ്രമിക്കുന്ന ആൾ പ്രഥമമായി നിലത്തിലുള്ള പാഴ്മരങ്ങളും മുൾച്ചെടികളും പുല്ലുകളും വെട്ടിപ്പറിച്ചു ചുട്ടുദഹിപ്പിക്കയും, ഉഴുതുകിളച്ചു കല്ലും മുള്ളും പെറുക്കിക്കളകയുംചെയ്യുന്നു. ഇപ്രകാരം തന്നെ നമ്മുടെ ആത്മത്തെ ദൈവേഷ്ടാനുസരണമുള്ള ഒരു തോട്ടമാക്കുവാനാഗ്രഹിക്കുന്നെങ്കിൽ, പാപത്താൽ ദുഷിച്ചുപോയ നമ്മുടെ ആത്മത്തിൽ മുളച്ചുവളൎന്ന് നശീകരഫലങ്ങളെ പുറപ്പെടുത്തുന്ന ഡംഭ്, കൊതി, കോപം, ദ്വേഷം, മോഹം ആദിയായ ദുർഗ്ഗുണങ്ങളെ മൂലഛേദനം ചെയ്ത് ചുട്ടുദഹിപ്പിക്കയും, കഠിനങ്ങളായ കല്ലുകൾക്കു സമമായ വിരോധബുദ്ധിയും ഹൃദയകാഠിന്യവും ദൂരീകരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഇതിലേക്കു നാം സൎവ്വാത്മനാ മനസ്സിരുത്തി പുണ്യജീവിതത്തിന്നു വിഘ്നങ്ങളായി നിൽക്കുന്ന പാപബീജങ്ങളും ദുർഗ്ഗുണങ്ങളും ഏവയെന്നു പ്രതിദിനം പരിശോധന ചെയ്യേണ്ടതു് അത്യാവശ്യമാണ്. അല്ലാഞ്ഞാൽ തോട്ടത്തിൽ വിതയ്ക്കുന്ന വിത്തുകളും നടുന്ന ചെടികളും മുളച്ചു നമുക്കു ഫലം തരികയില്ലെന്നു മാത്രമല്ല, നമ്മുടെ ദിവ്യരക്ഷിതാവ് (മത്താ. ൧൫. ൬) വ്യക്തമായി പഠിപ്പിക്കുന്നതുപോലെ പാഴ്മരങ്ങളും മുൾച്ചെടികളും അതുകളെ അമൎത്തിക്കൊന്നുകളകയുംചെയ്യും. അതിനാൽ അദ്ധ്യാത്മികസസ്യങ്ങളായ ദൈവസ്നേഹം, പരസ്നേഹം, വിനയം, ക്ഷമ, മിതഭോഗം ആദിയായ പുണ്യങ്ങളെ ഹൃദയത്തിൽ നട്ടുവളൎത്തണം. നമ്മിൽ സദാ കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ദുരാശകളുടെ അത്യുഗ്രമായ അഗ്നി, ഈ സസ്യങ്ങളെ ഉണക്കിയും കരിച്ചും കളയാതിരിക്കുന്നതിനുവേണ്ടി വരപ്രസാദജലം കൊണ്ടു നനയ്ക്കണം. വരപ്രസാദജലം നമുക്കു ലഭിക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ ജപം, ധ്യാനം, പാപോച്ചാരണം, ദിവ്യകാരുണ്യസ്വീകരണം, തപസ്സ്, ധൎമ്മം ആദിയായവയുകളാണ്. കൂടാതെയും തോട്ടത്തിൽ മൃഗങ്ങൾ കടന്നു ശൂന്യപ്പെടുത്താതിരിക്കുന്നതിനു വേലികെട്ടി സൂക്ഷിക്കുന്നതുപോലെ, ഹൃദയമാകുന്ന തോട്ടത്തിൽ നാം നടുന്ന അദ്ധ്യാത്മിക സസ്യങ്ങളെ നശിപ്പിക്കുന്ന മൃഗങ്ങളായ ദുർവിചാരങ്ങൾ പ്രവേശിക്കാതിരിപ്പാൻ പഞ്ചേന്ദ്രിയങ്ങളെ നല്ല "ബന്തവസ്സി"ൽ വയ്ക്കണം. അനാ

ശാസ്യമായ കാഴ്ച, കേൾവി, സംസാരം, ദുഷ്ടസംസൎഗ്ഗം, നീചഗ്രന്ഥപാരായണം എന്നിവയെ നിശ്ശേഷം പരിവൎജ്ജിക്കണം. തോട്ടക്കാരൻ കൂടക്കൂടെ തോട്ടത്തിൽ ചുററിനടന്ന് ചെടികൾ നല്ലപോലെ വളരുന്നുണ്ടോ, നന ശരിയാകാഞ്ഞിട്ട് ഉണങ്ങുന്നുണ്ടോ, വളം പോരാതെ ശോഷിക്കുന്നുണ്ടോ, പുഴുക്കളോ പ്രാണികളോ ഉപദ്രവിക്കുന്നുണ്ടോ എന്നും മററും പരിശോധിച്ച് യഥാവിധി വേണ്ടതു പ്രവൎത്തിക്കുന്നതുപോലെ, നാമും ദിവസേന ധ്യാനം, ആത്മശോധന, ജ്ഞാനവായന എന്നിത്യാദി പുണ്യകൃത്യങ്ങൾ വഴിയായി നമ്മുടെ ഹൃദയമായ തോട്ടത്തിൽ പ്രവേശിച്ചു പരിശോധനചെയ്തു, ന്യൂനതകളെ പരിഹരിക്കണം. വേദപ്രമാണങ്ങളുടെയും, തിരുസഭയുടെ കല്പനകളുടെയും മേലധികാരികളുടെ നിയമങ്ങളുടെയും, വിശ്വസ്തമായ ആചരണവും ഹൃദയസംസ്കരണത്തിന്ന് അത്യാവശ്യവും ഉത്തമവുമായ ഒരു മാൎഗ്ഗമാണ്. ഇങ്ങനെ പ്രവൎത്തിച്ചാൽ തരിശായ പറമ്പുപോലും പരിശ്രമത്താൽ ഫലവത്തുള്ളതായിത്തീരുന്നതുപോലെതന്നെ, പാപദുൎഗ്ഗുണങ്ങളാൽ മരുഭൂമിയായിത്തീൎന്നിരിക്കുന്ന നമ്മുടെ ഹൃദയം ദൈവസഹായത്താലും നമ്മുടെ പരിശ്രമത്താലും മുപ്പതും അറുപതും നൂറും വീതം വിളയുന്നതും തന്നിമിത്തം മ്ശിഹായുടെ തിരുഹൃദയത്തിന്നു പ്രസാദപ്രദമായ നല്ല തോട്ടമായിത്തീരുന്നതും ആയിരിക്കും.

ആകയാൽ ഈ വത്സരാരംഭത്തോടെ നമ്മുടെ ജീവിതനവീകരണത്തിൽ ഏവരും സ്ഥിരോത്സാഹികളാകുന്നത് ഉപകാരപ്രദമാണെന്നു മാത്രമല്ല, അത്യന്താപേക്ഷിതവുമാണ്. ഇക്കാൎയ്യം നാളെ നാളെയെന്നുവച്ചു നീളിപ്പിക്കേണ്ടതുമല്ല. എന്തെന്നാൽ നാം പ്രതിദിനം കണ്ടുവരുന്നതുപോലെ ആരംഭിച്ചിരിക്കുന്ന ഈ വത്സരം പലൎക്കും അന്തിമവത്സരമായിത്തീൎന്നിരിക്കുന്നു. ഇനി ശേഷിച്ചിരിക്കുന്നവരിൽ പലൎക്കും ഫൻഫൻ അവസാനത്തെ വത്സരമാണ്, സംശയമില്ല. "മനുഷ്യൻ ലോകം മുഴുവൻ സമ്പാദിച്ചാലും തന്റെ ആത്മത്തെ നശിപ്പിച്ചാൽ എന്തു ഫലം" എന്നും, "മരണം കള്ളനെപ്പോലെ വരും" എന്നും നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നത് നാം സദാ സ്മരിക്കേണ്ടതാണ്.

ഫാദർ ഗൌറിയേൽ, സി. ഡി.

## സംസാരവൈചിത്ര്യം.

അതാ ഒരു ബാലൻ ഭൂമിയിൽ ജാതനായിരിക്കുന്നു. ലോകരംഗത്തിൽ ഒരു പുതിയ നടൻ പ്രവേശിച്ചിരിക്കുന്നു. സംസാരസാഗരം കടക്കുന്നതിനു ഒരു യാത്രക്കാരൻ കൂടി ഇതാ വന്നിരിക്കുന്നു. ഝടുതിയിൽ ഉയരുകയും താഴുകയും ചെയ്യുന്ന അവന്റെ നെഞ്ച് ആൎത്തിയോടുകൂടി ജീവവായു ശ്വസിക്കയും ഉച്ഛ്വസിക്കയും ചെയ്യുന്നു. ധ്രുതഗതിയിൽ ഇടിക്കുന്ന ഹൃദയം ജീവരക്തത്തെ അവന്റെ ചെറിയ നാഡികളിൽക്കൂടി തള്ളിവിടുന്നു. ലോകരംഗത്ത് തന്റെ ഭാഗം അഭിനയിക്കുന്നതിനുള്ള അത്യാസക്തിയാൽ കാലുകളും കൈകളും അവൻ അങ്ങോട്ടും ഇങ്ങോട്ടും ഇട്ടു കുടയുന്നു. തന്റെ ആഗ്രഹനിവൃത്തിക്കു താമസം വരുന്നതിനാൽ അക്ഷമനായി നിലവിളിക്കുന്നു. എന്നല്ല ജീവിതോത്സാഹത്തിന്റെ സകല ലക്ഷണങ്ങളും അവനിൽ പരിപൂൎണ്ണമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

കുഞ്ഞേ, കുറച്ചുദിവസങ്ങൾക്കു മുമ്പിൽ നീ എവിടെ ആയിരുന്നു? നിന്റെ ഈ ഉത്സാഹചേഷ്ടകളെല്ലാം നീ എങ്ങിനെ അടക്കിവച്ചിരുന്നു? ഇപ്പോൾ പുതിയ ഭാവത്തെ സ്വീകരിക്കുന്നതിനു നിന്നെ പ്രോത്സാഹിപ്പിച്ച കാരണങ്ങൾ ഏവയാകുന്നു? നിന്നെപ്പോലെ തന്നെ ഇഹലോകത്തിലെ സുഖങ്ങളേയും ദുഃഖങ്ങളേയും ജന്മാവകാശമായി സ്വീകരിച്ചിട്ടുള്ള ഒരു

സഹോദരന്മാരെ നിന്നോടു ചോദിക്കുന്നത്. അതിനാൽനീ ഭയപ്പെട്ടിട്ടാവശ്യമില്ല. മറച്ചുവക്കുന്നതിനു ശ്രമിക്കുന്നതു ഉചിതവുമില്ല. നിൻെറ സഹോദരനായ എന്നെ സംബന്ധിച്ചിടത്തോളം, ശുഭോദൎക്കമായിരുന്ന ആ ലോകപ്രവേശത്തെപ്പററിയുള്ള കഥ ഒട്ടുംതന്നെ ഇപ്പോൾ ഞാൻ ഓൎക്കുന്നില്ല. ഞാൻ അതേപ്പററി കഴിന്നത്ര ഓൎത്തു; അതിനപ്പുറത്തെ സംഗതികൾ സ്വല്പമെങ്കിലും മനസ്സിലാക്കണമെന്നുവച്ച് ഞാൻ ചെയ്ത പ്രയത്നമെല്ലാം നിഷ്ഫലമായതെ ഉള്ളു. അതിനാൽ ഇനി ഒരുത്തൻ ലോകത്തിലേക്കു പ്രവേശിക്കുന്ന ക്ഷണത്തിൽതന്നെ അവൻെറ അനുഭവങ്ങൾ വിസ്മൃതങ്ങളാകുന്നതിനുമുമ്പായി അവനെ പിടികൂടി ഒരു വിസ്താരം നടത്തി, കാൎയ്യത്തിൻെറ വസ്തുത ഗ്രഹിച്ചേ മതിയാവൂ എന്നു വിചാരിച്ചു ഞാൻ കാത്തിരിക്കയായിരുന്നു. അതിനാൽ ഒട്ടും തന്നെ മറയ്ക്കാതെ എല്ലാം നീ എന്നോടു പറയണം. "കുത ആയാതസ്ത്വം" നീ എവിടെനിന്നുവന്നു? എന്തു! "ആ" "ആ" എന്നുമാത്രം നീ ഉത്തരം പറയുന്നതു നിൻെറ ,അജ്ഞതകൊണ്ടോ അതൊ നിൻെറ സഹോദരനിലുള്ള അവിശ്വാസംകൊണ്ടോ? പരമാൎത്ഥത്തിൻേറയും നിഷ്കളങ്കതയുടേയും രൂപികരണമായ നിൻെറ മുഖകമലത്തിൻ അവിശ്വാസം ഒളിച്ചിരിക്കുന്നു എന്നു ഞാൻ എങ്ങിനെ വിശ്വസിക്കും? അതിനാൽ അനിൎവ്വാൎയ്യമായ അജ്ഞത്വം മാത്രമായിരിക്കണം നിൻെറ ഈ മറുപടിക്കു കാരണം എന്നു വിചാരിച്ചു ഞാൻ അത്യന്തം വ്യസനിക്കുന്നു.

അല്ലയൊ അനുജാ, നിൻെറ ഉത്ഭവത്തെപ്പററി നിനക്കു യാതൊരു അറിവും ഇല്ലയോ? ഐഹികജീവിതത്തിൽ നിൻെറ സ്ഥാനത്തെ നിൎണ്ണയിക്കുന്നതിനുള്ള നിവേദനങ്ങളിൽ നിനക്കു യാതൊരു "വോട്ടും"അനുവദിക്കപ്പെട്ടിരുന്നില്ലയോ? സൎവ്വദാ നിന്നെ സംബന്ധിക്കുന്ന ആ സംഗതിയിൽ നിൻെറ അഭിപ്രായഗതിയെ മനസ്സിലാക്കാതെ കണ്ണും മുഖവും മൂടി സംസാരസാഗരത്തിലേക്കു തള്ളിയിട്ടിട്ടു ഒളിച്ചുകളഞ്ഞ ആ നിൎദ്ദയസ്വത്വം ആരാകുന്നു? നാടകവിഷയങ്ങളിൽ യാതൊരു പൂൎവ്വപരിശീലനവും നൽകാതെ നടനരംഗത്തിൽ കൊണ്ടാക്കിയിട്ടു നിൻെറ ഗോഷ്ടികളെ കണ്ടു രസിക്കുന്നതിനോ എന്നു തോന്നുമാറു തിരശീലയ്ക്കുള്ളിൽ മറഞ്ഞുകളഞ്ഞ ആ നിഷ്ഠുര സൂത്രധാരൻ ആരാണ്? പക്ഷെ അചിരേണ ഒരു മഹാ ജ്ഞാനിയായും യശസ്വിയായും പരിലസിക്കാനിരിക്കുന്ന നീ, കേവലം ഒരു രാക്ഷസകുമാരൻെറ കളിപ്പാവമാത്രമാണോ? "കസ്യത്വം" നീ ആരുടെതാകുന്നു?

എന്നാൽ നിൻെറ പുറപ്പാടിൽ നിൻെറ അഭിപ്രായം ആവശ്യപ്പെടാഞ്ഞതു, ഒരു അഭിപ്രായം പ്രകടിപ്പിക്കുവാൻ നിനക്കു ശക്തിയില്ലാഞ്ഞതിനാലായിരിക്കാം. അല്ലെങ്കിൽവെറും ഒരു'മൈനർ' മാത്രമായിരുന്നതുകൊണ്ടിരിക്കാം. അതിനാൻശേഷിച്ചിരിക്കുന്ന നിൻെറ ജീവിത ദശയിലെങ്കിലും തീ തന്നെ നിൻെറ നാഥനായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വാസ്തവം ആരായുകതന്നെ. വത്സലയായ നിൻെറ മാതാവിൻെറ പരിപാലനത്താലും പ്രകൃതി നിയമങ്ങളുടെ പ്രവൃത്തിയാലും കായികമായും മാനസികമായും നീ ഉത്തരോത്തരമായ വികാസത്തെ പ്രാപിക്കുന്നു. നീ ഒരു സുന്ദരനായ ബാലനായും പിന്നിട്ടു രൂപഗുണമുള്ള യുവാവായും വളൎന്നുവരുന്നു. ഐഹിക ജീവിതം ജീവിതയോഗ്യമെന്നും ഐഹിക ഭോഗങ്ങൾ ആസ്വാദനീയമെന്നും നി തീൎച്ചയാക്കുന്നു. ഇവയെ കഴിയുന്നത്ര അനുഭവിക്കുന്നതാകുന്നു, ജിവിതത്തിൻെറ പരമോദ്ദേശം എന്നുള്ള പ്രമാണത്തോടും, അതിനായി കഴിയുന്നത്ര ശ്രമിക്കുന്നതാകുന്നു നിൻെറ കൎത്തവ്യകൎമ്മമെന്ന നിഷ്ഠയോടും കൂടി, നിൻെറ സകല പ്രവൃത്തികളുടെയും "പരിപാടി" നീ തയാറാക്കുന്നു. ഇതിനു അനുകൂലങ്ങളായ സാഹചൎയ്യങ്ങളെ വൎദ്ധിപ്പിക്കുന്നതിനും പ്രതികൂലങ്ങളായവയെ ത്യജിക്കുന്നതിനും വേണ്ടപ്പെട്ട പ്രയത്നങ്ങളെല്ലാം നീ ചെയ്യുന്നു. നിൻെറ ഈ ശ്രമങ്ങളിൽ നിനക്കു സഹകാരിണി ആയിരിക്കുന്നതിന്നു നിൻെറ സുഖദുഃഖങ്ങളിൽ ഭാഗഭാക്കാകുന്നതിന്ന് സുഖങ്ങളിൽ കൂടുതൽ തൃഷ്ണയും ദുഃഖങ്ങളിൽ കൂടുതൽ സഹിഷ്ണുതയും വ

രുത്തുന്നതിനായി നീ ഒരു ഭാൎയ്യയെ വരിക്കുന്നു. എന്നാൽ ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. "കാതവകാന്താ" നിന്റെ ഭാൎയ്യ ആരാണ്? നിന്റെ അമ്മായിഅപ്പന്റെയും അമ്മായിഅമ്മയുടെയും എരട്ടപ്പേരും വീട്ടുപേരുമല്ല ഞാൻ ആവശ്യപ്പെടുന്നതു്, നീ "ഭാൎയ്യ" എന്നു പറയുന്ന ആ സത്വം എന്താകുന്നു? അവൾ എവിടെനിന്നു വന്നു? ദാമ്പത്യത്തോടുകൂടി കൂടുതലായ ഒരു ഐകമത്യത്തെ ഊഹിപ്പാൻകൂടി വഹിയാത്തതാണല്ലൊ. അങ്ങനെ ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും നിന്നോടുകൂടി സഹകരിക്കയും സഹചരിക്കയും ചെയ്യുന്ന ആ മനുഷ്യസത്വത്തെപ്പറ്റി നീ എന്തറിയുന്നു; നിന്റെ നവോഢയുടെ സൌന്ദൎയ്യംകൊണ്ടോ സുഖഭോഗങ്ങളുടെ ബാഹുല്യംകൊണ്ടോ അല്ലെങ്കിൽ പരിതാപകരമായ അജ്ഞത്വംകൊണ്ടോ വിരസങ്ങളും ശുഷ്കങ്ങളുമായ ഈ പ്രശ്നങ്ങൾക്കു ഉത്തരം പറയുന്നതിനോ അവയെപ്പറ്റി വിചാരിക്കുന്നതിനൊ നിനക്കു മനസ്സും അവസരവും ഇല്ല. എങ്ങിനെയായാലും നിങ്ങളുടെ ദാമ്പത്യജീവിതം ശുഭമായിത്തന്നെ കഴിഞ്ഞുകൂടുന്നു. ആൎദ്രമായ നിങ്ങളുടെ അന്യോന്യ പ്രണയം ഒരു സുന്ദരബാലനായി മൂൎത്തീകരിക്കുന്നു. ഇനിയെങ്കിലും എന്റെ ചോദ്യത്തിനു ഒരു മറുപടി ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. "കസ്തേപുത്രഃ" നിന്റെ പുത്രൻ ആരാകുന്നു? ഞാൻ നിന്നെ പരിഹസിക്കയാണെന്നു വിചാരിച്ചുപോകരുതേ. സത്യത്തെപ്പറ്റിയുള്ള ജിജ്ഞാസ മാത്രമാണ് ഈ വിധം ഉപചാരരഹിതമായി അന്യന്റെ രഹസ്യങ്ങളിൽ എത്തിനോക്കുന്നതിനു എന്നെ ധൈൎയ്യപ്പെടുത്തുന്നതു്. നിന്റെ സ്വന്തമായും നിനക്കു സ്വാതന്ത്ര്യാവകാശമുള്ളതായും കരുതിപ്പോരുന്ന ആ പുത്രനും നീയും തമ്മിലുള്ള ബന്ധം എന്താകുന്നു? അവന്റെ അസ്തിക്യത്തിന്റെ പ്രഥമ കാരണം വാസ്തവത്തിൽ നീ തന്നെയാണൊ? നിന്റെ മംഗലമൂൎത്തിയായും സൌഭാഗ്യനിധിയായും വാത്സല്യ പാത്രമായും ആരാധ്യവിഷയമായും നീ വിചാരിക്കുന്ന ആ ശിശുവിന്റെ അംഗങ്ങൾക്കു കൂടുതൽ സൌഷ്ഠവും മുഖത്തിനു കൂടുതൽ സൌന്ദൎയ്യവും സ്വരത്തിനു കൂടുതൽ മാധുൎയ്യവും കൊടുക്കാഞ്ഞതു് എന്തുകൊണ്ടു? ഇതു നിന്റെ ശക്തിയിൽതന്നെ സ്ഥിതിചെയ്തിരുന്നു എന്നുള്ള വ്യാമോഹം നിനക്കുണ്ടെങ്കിൽ മൌഢ്യത്തിന്റെ പരമകാഷ്ഠയിൽ നീ എത്തിയിരിക്കുന്നു എന്നുള്ളതിനു വേറെ ലക്ഷ്യങ്ങൾ വേണമെന്നില്ല. പ്രത്യുത നീ അദൃശ്യനായ ഒരു യാന്ത്രികന്റെ പ്രേരണയാൽ സ്വയമേവ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രശകലം മാത്രമാണൊ? അതൊ ഒരു ഹിപ്നൊട്ടിസ്റ്റിന്റെ നിൎണ്ണയശക്തിക്കു വിഷയീഭൂതമായ ഒരു ദുൎബല പാത്രമാണോ? അപ്രത്യുക്തങ്ങളും ആത്മാഭിമാനക്ഷയങ്ങളുമായ ഈ വക പ്രശ്നങ്ങളുടെ സംഖ്യ ഇനിയും വൎദ്ധിപ്പിക്കുന്നതിനു ഞാൻ വിചാരിക്കുന്നില്ല. എന്റെ കൊച്ചനുജൻ അവയെ വകവെക്കുന്നുമില്ല. കേട്ടതായ ഭാവവും കാണിക്കുന്നില്ല.

ജോൺ വട്ടസ്ലാട്ടുശേരി ബി. ഏ.
(ഓണേഴ്സ്)

## വേദപുസ്തകപാരായണം.

II. പരിത്യാഗം.

വേദപുസ്തകപാരായണം ഫലപ്രദമാകുന്നതിന് എളുപ്പമുള്ള മാൎഗ്ഗം വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന ഓരോ വിഷയങ്ങളേയും എടുത്തു അവയെപ്പറ്റിയുള്ള പാഠങ്ങൾ വിവരിച്ചു കാണിക്കുകയാണ്. കണക്കുപരിശോധിക്കുന്നവർ മാസാന്തങ്ങളും ആണ്ടുതിരട്ടുകളും എന്നം തിരിച്ചു എടുക്കുന്നതുപോലെ വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന സന്മാൎഗ്ഗവിഷയങ്ങളെ എന്നംതിരിച്ചെടുക്കാവുന്നതും അവയുടെ ആദ്ധ്യാത്മഫലം നമ്മ

ക്ക അനുഭവിക്കാവുന്നതുമാണ്. കഴിഞ്ഞ ലക്കത്തിൽ "സ്നേഹം" എന്ന വിഷയത്തെ ആസ്പദമാക്കി പ്രസ്താവിച്ചുകഴിഞ്ഞു. ഇനി ആത്മ "പരിത്യാഗ"ത്തെപ്പററി പ്രസ്താവിക്കാം.

നാം ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിപ്പാൻ കടപ്പെട്ടിരിക്കുന്നു; ദൈവത്തെപ്രതി നമ്മുടെ സഹോദരങ്ങളെ നമ്മെപ്പോലെയും സ്നേഹിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം നമ്മുടെ ഹൃദയത്തിൻെറ പ്രഥമ വികാരമായ സ്നേഹം മുഴുവനും ദൈവത്തിനു കൊടുത്തേ മതിയാവു. എന്നാൽ മനുഷ്യരായ നാം ഇഹലോകത്തിൽ ജാതരാകുന്ന ക്ഷണത്തിൽതന്നെ നമ്മുടെഹൃദയത്തിൽ ആദ്യമായി പ്രവേശിക്കുന്നതു അനിത്യങ്ങളും വ്യർത്ഥങ്ങളുമായ സന്തോഷങ്ങളാണ്, ദൈവസ്നേഹമല്ല. എന്തെന്നാൽ സ്നേഹം അറിവിനെ ആശ്രയിച്ചാണിരിക്കുന്നതു്. അറിയാത്ത വസ്തുവിന്മേൽ മതിപ്പും സ്നേഹവുമില്ല. നാം സാധാരണമായി ആദ്യം സൃഷ്ടിയെ അറികയും സ്നേഹിക്കയും ചെയ്യുതിൻെറ ശേഷമാണ് സർവ്വ നന്മസ്വരൂപിയായിരിക്കുന്ന സ്രഷ്ടാവിനെ അറിവാനും സ്നേഹിപ്പാനും തുടങ്ങുന്നതു്. എന്നാൽ നമ്മുടെ സൃഷ്ടിതാവും പിതാവുമായ ദൈവം നമ്മുടെ ഹൃദയത്തിൻെറ ഒരു ഭാഗമല്ല നമ്മോടു ആവശ്യപ്പെടുന്നതു്. നമ്മുടെ പൂർണ്ണഹൃദയത്തോടും ശക്തിയോടുംകൂടെ തന്നെ സ്നേഹിക്കണമെന്നു നമ്മോടു കല്പിക്കുന്നു. അതിനാൽ ദൈവസ്നേഹത്തിനു പ്രതികൂലങ്ങളായ സ്നേഹങ്ങളെല്ലാം നമ്മുടെ ഹൃദയത്തിൽനിന്നു തള്ളിക്കളയണം; അവയെല്ലാം നാം പരിത്യജിക്കണം. അമൂല്യമായ ഒരു വിശേഷതൈലം വച്ചുസൂക്ഷിക്കേണ്ടതായ ഒരു സ്പടികപ്പാത്രം മലിനമായ കൂപത്തിൽ വീണ് ചേറും ചളിയും കൊണ്ടു നിറഞ്ഞുപോയാൽ അതിൽ തൈലം പകരുന്നതിനു മുമ്പ ചേറും ചളിയും കളഞ്ഞു ശുചിയാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം സൃഷ്ടികളോടുള്ള സ്നേഹംകൊണ്ട് നിറഞ്ഞിരിക്കുന്ന ഹൃദയത്തിൽ സൃഷ്ടിതാവിൻെറ നേരെയുള്ള 'പരിശുദ്ധ സ്നേഹം പ്രവേശിക്കണമെങ്കിൽ, പരിത്യാഗം വഴിയായി അന്യസ്നേഹങ്ങളൊക്കെയും അതിൽനിന്നു തള്ളിനീക്കേണ്ടിയിരിക്കുന്നു. ഈ സത്യത്തെ വ്യക്തമായി പഠിപ്പിക്കുന്ന വേദവാക്യങ്ങളെ താഴെ ചേർക്കുന്നു:—

(൧.) അപ്പോൾ ഈശോ ശിഷ്യരോടു പറഞ്ഞു: "യാതൊരുവൻ എൻെറ പിന്നാലെ വരുവാൻ മനസ്സാകുന്നുവെങ്കിൽ, തന്നെത്തന്നെ പരിത്യജിച്ചു തൻെറ കുരിശു എടുത്തുംകൊണ്ടു എൻെറ പിന്നാലെ വരട്ടെ." (മത്തായി ൧൬–൨൪.)

(൨.) "നിങ്ങൾ ലോകത്തേയും ലോകത്തിലുള്ളവയേയും സ്നേഹിക്കരുതു്. യാതൊരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിൻെറ സ്നേഹം അവനിൽ ഇല്ല. അതെന്തെന്നാൽ ലോകത്തിലുള്ളതൊക്കെയും ശരീരത്തിൻെറ ദുരാശയും കണ്ണുകളുടെ ദുരാശയും ജീവിതത്തിൻെറ നിഗളവും ആകുന്നു; ഇവ പിതാവിൽ നിന്നുള്ളവയല്ല, ലോകത്തിൽ നിന്നുള്ളവയാകുന്നു. ലോകവും അതിൻെറ ദുരാശയും കടന്നുപോകുന്നു. എന്നാൽ ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ എല്ലായ്പോഴും ജീവിക്കുന്നു." (൧. യോഹന്നാൻ ൨, ൧൫, ൧൬)

(൩.) "പിന്നെ ഒരു മഹാ പുരുഷാരം ഈശോയോടുകൂടെ അനുയാത്രയായി പോയി. അപ്പോൾ അദ്ദേഹംതിരിഞ്ഞു അവരോടു പറഞ്ഞു: ആരെങ്കിലും അപ്പനേയും അമ്മയേയും ഭാര്യയേയും മക്കളേയും സഹോദരന്മാരേയും സഹോദരിമാരേയും മാത്രമല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എൻെറ അടുക്കൽ വന്നാൽ, അവനു് എൻെറ ശിഷ്യനാകുവാൻ സാധിക്കുകയില്ല. അപ്രകാരംതന്നെ നിങ്ങളിൽ ആരെങ്കിലും ഉള്ളതെല്ലാം ത്യജിക്കാതെയിരുന്നാൽ, അവൻ എൻെറ ശിഷ്യനാവുകയില്ല." (ലൂക്കാ. ൧൪. ൨൬. ൩൩) ദിവ്യരക്ഷകൻെറ ഈ നിശ്ചിതപാഠം വിശുദ്ധ മത്തായി സുവിശേഷം ൧൦–ാംഅദ്ധ്യായം ൩൭, ൩൮ എന്നി വാക്യങ്ങളിലും കാണാവുന്നതാണ്.

൪. മഹാ പിതാവായ അബ്രാഹം ദൈവ കല്പനയാൽ സ്വദേശത്തേയും സ്വന്ത വീടിനേയും പരിത്യജിച്ച സംഗതി സൃഷ്ടിപ്പുസ്തകം ൧൨-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്നു. ഈ

മഹാ പിതാവു തൻെറ ഏക പുത്രനായ ഇസഹാക്കിൻെറ മേൽവച്ചിരുന്ന സ്വാഭാവിക സ്നേഹം പൂൎണ്ണമായി പരിത്യജിച്ചുകൊണ്ടു ഈ വാത്സല്യ പുത്രനെ സ്വന്തകൈകൊണ്ടു ബലികഴിപ്പാൻ സന്നദ്ധനായ വിവരം സൃഷ്ടിപുസ്തകം ൨൨-ാം അദ്ധ്യായത്തിൽ എഴുതപ്പെട്ടിരിക്കുന്നു. സ്രഷ്ടിതാവായ ദൈവത്തിൻെറ സ്നേഹത്തെ പ്രതി സൃഷ്ടിയുടെമേലുള്ള ഏതു വിധസ്നേഹവും നാം പരിത്യജിക്കണമെന്നുള്ളതിനു ഇതു ഉത്തമ പാഠമാണ്.

(ഒ.) വിശുദ്ധ ഏലീശാ ദീൎഘദൎശി സകലവും പരിത്യജിച്ചുകൊണ്ട് വിശുദ്ധ ഏലിയാ ദീൎഘദൎശിയെ അനുകരിച്ചസംഭവം രാജാക്കളുടെ ൩-ാംപുസ്തകം ൧൯ ാം അദ്ധ്യായത്തിൽ എഴുതപ്പെട്ടിട്ടുണ്ട്.

(ം.) സൂസന്നാ എന്ന സ്ത്രീരത്നം രണ്ടു ദുഷ്ടന്മാരുടെ ദുൎമ്മോഹത്തിനു സമ്മതിക്കാഴ്കമൂലം അന്യായമായി മരണത്തിനു വിധിക്കപ്പെട്ടു. (ദാനിയേൽ ൧൩) അനനിയാ, അസ്സറിയാ, മിശായേൽ എന്ന പരിശുദ്ധ ബാലന്മാർ വിഗ്രഹാരാധനക്കു സമ്മതിക്കാഞ്ഞതിനാൽ ഭയങ്കരമായ തീച്ചൂളയിൽ ഇടപ്പെട്ടു. (ദാനിയേൽ ൩.) ഈ മഹാത്മാക്കളും പുതിയ നിയമത്തിൽ വിശുദ്ധ എസ്സപ്പാനോസു തുടങ്ങിയുള്ള ലക്ഷോപലക്ഷം വേദസാക്ഷികളും പരിത്യാഗത്തിൻെറ ഉത്തമദൃഷ്ടാന്തങ്ങളാണ്. ഇവർ സൎവ്വനന്മസ്വരൂപിയായ ദൈവത്തെ മാത്രം മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കുകയും ലോകത്തേയും ലോകത്തിലെ അനിത്യ നന്മകളായ സമ്പത്ത്, ബഹുമാനം ഇത്യാദികളെ മാത്രമല്ല സ്വന്ത ജീവനെക്കൂടെയും പൂൎണ്ണമായി പരിത്യജിക്കയും ചെയ്തു.

൮. ഇപ്രകാരം പരിത്യാഗം ചെയ്യുന്നവൎക്ക് അനിൎവ്വാച്യമായ പ്രതിഫലം നൽകുന്നതാണെന്നു നമ്മുടെ കൎത്താവ് വി. മത്തായി സുവിശേഷം ൧൯-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. "അപ്പോൾ പത്രോസ് മറുപടിയായി അങ്ങെയോടു പറഞ്ഞു: ഞങ്ങൾ ഇതാ സകലവും പരിത്യജിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഇതുകൊണ്ടു ഞങ്ങൾക്കു എന്തു ലഭിക്കും? ഈശോ അവരോടു പറഞ്ഞു: പുനൎജ്ജീവിതത്തിൽ മനുഷ്യപുത്രൻ തൻെറ മഹത്വത്തിൻെറ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ, എന്നെ അനുഗമിച്ചിട്ടുള്ള നിങ്ങളുംകൂടെ ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിചെയ്യുകൊണ്ടു പന്ത്രണ്ടു സിംഹാസനങ്ങളിന്മേൽ ഇരിക്കുമെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എൻെറ നാമംനിമിത്തം വീടുകളേയോ, സഹോദരന്മാരെയൊ, സഹോദരികളെയോ, അപ്പനെയൊ, അമ്മയേയൊ, ഭാൎയ്യയേയൊ, മക്കളേയൊ, സ്വത്തുക്കളെയൊ ഉപേക്ഷിക്കുന്നവരൊക്കെയും ഒന്നിനു നൂറിരട്ടി പ്രാപിക്കയും, നിത്യരക്ഷയെ അവകാശമായി ലഭിക്കയും ചെയ്യും" (മത്തായി ൧൯.൨൭. ൩൦.).

൯. പൂൎവ്വാപരവിരുദ്ധങ്ങളായ ലോകസ്നേഹവും ദൈവസ്നേഹവും ഒരുമിച്ച് ഒരു ഹൃദയത്തിൽ വസിപ്പാൻ നിവൃത്തിയില്ലെന്നു ദിവ്യരക്ഷകൻ മത്തായി സുവിശേഷം ൬-ാം അദ്ധ്യായത്തിൽ അരുളിച്ചെയ്തിരിക്കുന്നു. "രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരുത്തൎക്കും കഴിയുന്നതല്ല. എന്തെന്നാൽ ഒരുവനെ വെറുത്തു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനോടുചേൎന്നു മററവനെ നിന്ദിക്കും. നിങ്ങൾക്കു ദൈവത്തേയും ധനത്തേയും സേവിപ്പാൻ സാധിക്കുന്നതല്ല" (മത്തായി ൬. ൨൪).

൧൦. ദൈവപ്രമാണത്തെ ലംഘിപ്പാൻ സംഗതിവരുന്ന സന്ദൎഭങ്ങളിൽ മാത്രം ലൌകികവസ്തുക്കളെ പരിത്യജിച്ചാൽ പോരാ. പുണ്യയോഗ്യതയ്ക്കും പുണ്യപരിപൂൎണ്ണതയ്ക്കും വേണ്ടിക്കൂടെയും പരിത്യാഗം പരിശീലിക്കണം. പത്തുപ്രമാണം ശരിയായി അനുസരിച്ചുവന്ന ഒരു യുവാവിനോട്, ദിവ്യരക്ഷകൻ (വി. മൎക്കോസ് സുവിശേഷം ൧൦-ാം അദ്ധ്യായത്തിൽ) ഇപ്രകാരമാണ് അരുളിച്ചെയ്തിരിക്കുന്നത്. "നിനക്കു ഒരു ന്യൂനതയുണ്ട്; നീ പോയി, നിനക്കുള്ളതൊക്കെയും വിററു ദരിദ്രന്മാൎക്കു കൊടുക്ക; എന്നാൽ നിനക്കു സ്വൎഗ്ഗത്തിൽ നിക്ഷേപമുണ്ടാകും; അതിൻെറശേഷം എന്നെ അനുഗമിക്ക" യുവാവു ഈ വചനത്തെക്കുറിച്ചു ദുഃഖിച്ചുകൊണ്ടു പോവുകയാണ് ചെയ്തതു്. എന്തെന്നാൽ അവന്നു വളരെ സ്വത്തുക്കളുണ്ടായിരുന്നു. അപ്പോൾ ഈശോ

റവും നോക്കി, ധനവാന്മാക്കു ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതിനു എത്രയോ പ്രയാസം!" എന്നു ശിഷ്യരോടു പറഞ്ഞു. ശിഷ്യർ അങ്ങേ വചനത്തെപ്പററി ആശ്ചയ്യപ്പെട്ടു. അപ്പോൾ ഈശോ വീണ്ടും മറുപടിയായിട്ടു അവരോടു പറഞ്ഞു. മക്കളെ! ദ്രവ്യങ്ങളെ ആശ്രയിച്ചിരിക്കുന്നവർ ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതു എത്രയും പ്രയാസമുള്ളതാകുന്നു. ഒരു ധനവാൻ ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഒരു ഒട്ടകംഒരു സൂചിയുടെ കുഴയിൽക്കൂടി കടക്കുന്നതു അധികംഎളുപ്പമുള്ളതാകുന്നു."(മർക്കോസ് ൧൦. ൨൧. ൨൪.)

൧൧. നാം ഈ ലോകത്തിൽ ജീവിക്കുന്ന കാലത്തോളം ദൈവസ്നേഹത്തിന്നു യാതൊരു ഭംഗവും വരാത്ത വിധത്തിൽ മാത്രമെ വസ്തുക്കളേയും ആളുകളേയും സ്നേഹിക്കാവൂ എന്നു വിശുദ്ധപൌലോസു വഴിയായി ദൈവം നമ്മെ പഠിപ്പിക്കുന്നു. "ആകയാൽ സഹോദരന്മാരെ! നിങ്ങളോടു ഞാൻ പറയുന്നു. സമയം സ്വല്പമേയുള്ളു. ഭായ്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും, കരയുന്നവർ കരയാത്തവരെപ്പോലെയും, സന്തോഷിക്കപ്പെടുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും, വിലയ്ക്കു വാങ്ങുന്നവർ (വാങ്ങിയവ) അനുഭവിക്കാത്തവരെപ്പോലെയും, ലോകത്തെ അനുഭവിക്കുന്നവർ അതു അനുഭവിക്കാത്തവരെപ്പോലെയും ഇരുന്നുകൊള്ളണം. എന്തെന്നാൽ ലോകത്തിന്റെ സ്ഥിതി മാറിപ്പോകും." (൧ കൊറിന്ത്യർ ൭. ൨൯. ൩൧)

൧൨. "നിങ്ങൾ മ്ശിഹായോടുകൂടെ ഉയൎത്തെഴുന്നേററുവെങ്കിൽ, സ്വർഗ്ഗത്തിലെ കാര്യങ്ങളെ അന്വേഷിക്കുക. അവിടെ ദൈവത്തിന്റെ വലതുഭാഗത്താണ് മ്ശിഹാ ഇരിക്കുന്നത്. ഭൂമിയിലുള്ളവയെ അല്ല, മേലെപ്പെട്ടവയെ തന്നെ ചിന്തിപ്പിൻ. എന്തുകൊണ്ടെന്നാൽ നിങ്ങൾ മരിച്ചു; നിങ്ങളുടെ ജീവൻ മ്ശിഹായോടുകൂടെ ദൈവത്തിൽ മറയപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവനാകുന്ന മ്ശിഹാ വെളിപ്പെടുമ്പോൾ നിങ്ങളും അങ്ങയോടുകൂടെ മഹത്വത്തിൽ കാണപ്പെടും." (കൊലോസ്യർ ൩. ൧. ൪.)

വിശുദ്ധ പിതാക്കന്മാരും മല്പാന്മാരും ഈ വേദവാക്യങ്ങളെക്കുറിച്ചും അവയിൽ പ്രതിവാദിക്കപ്പെടുന്ന "പരിത്യാഗം" എന്ന പുണ്യത്തെക്കുറിച്ചും സവിസ്തരം എഴുതിയിട്ടുണ്ട്. അവയുടെ സംക്ഷേപം ഇങ്ങനെയാണ്. പുണ്യജീവിതത്തിന്റെ രഹസ്യം സൃഷ്ടികളിൽനിന്നുള്ള വേറുപാടിലും സൃഷ്ടിതാവുമായുള്ള സംഗമത്തിലും ആണ് അടങ്ങിയിരിക്കുന്നത്. സ്നേഹം പരിത്യാഗം എന്നീ രണ്ടു പദങ്ങളിൽ വേദപാഠനങ്ങൾ സവ്വവും സംഗ്രഹിക്കാം. "നിന്റെ ഹൃദയം വിന്നാകരികൊണ്ടു നിറഞ്ഞിരിക്കുന്നെങ്കിൽ, അതു് എങ്ങിനെ തേൻകൊണ്ടു നിറക്കുവാൻ കഴിയും? അതു ഒഴിച്ചെടുക്കയും, വെടിപ്പാക്കുവാൻ പ്രയാസമുള്ള വേല ചെയ്കയും വേണം" എന്നു വിശുദ്ധ ആഗുസ്തീനോസ് പറയുന്നു. ഇവിടെ തേൻ ദൈവസ്നേഹത്തിന്നും വിന്നാകരി ലോകസ്നേഹത്തിന്നും പകരം നില്ക്കുന്നു. പരിത്യാഗം മൂലമായി ഹൃദയത്തിൽ നിന്നു പുളിച്ച വിന്നാകരിക്കു തുല്യമായ ലൌകിക സ്നേഹങ്ങളെ ഉപേക്ഷിച്ചിട്ടു ദൈവസ്നേഹത്തിന്നു സ്ഥലം കൊടുക്കണം. വിശുദ്ധ ആഗുസ്തീനോസ് പറഞ്ഞിട്ടുള്ളതുപോലെ ഈ "പ്രയാസമുള്ള വേല" ചെയ്യുന്നതിൽ പുണ്യത്തിന്റെ അഥവാ പരിത്യാഗത്തിന്റെ മൂന്നു പദവികൾ അടങ്ങിയിരിക്കുന്നു. ൧-ാം പദവിയിൽ നിൽക്കുന്നവർ യാതൊരു ചാവുദോഷം ചെയ്തു ദൈവത്തെ നഷ്ടമാക്കുന്നതിന്നു മുമ്പു വസ്തുക്കളെയും ബഹുമാനത്തെയും സുഖങ്ങളെയും എന്നല്ല, ജീവനെക്കൂടെയും ഉപേക്ഷിപ്പാൻ ഒരുങ്ങിയിരിക്കുന്നവരാകുന്നു. ഇതു നിത്യരക്ഷക്കു അത്യാവശ്യമായ പരിത്യാഗമാകുന്നു. ഇതിനാലാണ് ഉപവിയുടെ പ്രകരണത്തിൻ "നിന്നോടു മറുത്തു ഒരു പാപം ഞാൻ ചെയ്യുന്നതിനുമുമ്പ് സവ്വ വസ്തുക്കളും എന്റെ ജീവൻകൂടെ ഉപേക്ഷിക്കുന്നതിനു ഞാൻ മനസ്സാകുന്നു." എന്നു വിശ്വാസികൾ എല്ലാവരും ചൊല്ലിവരുന്നത്.

പരിത്യാഗത്തിന്റെ ൨-ാം പദവിയിൽ നിൽക്കുന്നവർ മനസ്സറിവോടെ അല്പമായ ഒരു പാപദോഷം ചെയ്തു ദൈവത്തെ ഉപദ്രവിക്കുന്നതിനെക്കാൾ സവ്വ വസ്തുക്കളും സ്വജീവനെ ക്കൂടെയും ഉപേ

ക്ഷിക്കുവാൻ ഒരുങ്ങിയിരിക്കുന്ന ശുദ്ധമായ മനസ്സാക്ഷിയുള്ളവരാണ്.

പരിത്യാഗത്തിന്റെ ൩-ാം പദവിയിൽ കയറുന്നവർ, ചാവുദോഷമാകട്ടെ പാപദോഷമാകട്ടെ ചെയ്യാതെ ന്യായമായി അനുഭവിപ്പാൻ പാടുള്ള വസ്തുക്കളെയും ബഹുമാനങ്ങളെയും ലൌകികസന്തോഷങ്ങളെയുംകൂടെ പൂൎണ്ണമായ ദൈവസ്നേഹം പ്രാപിപ്പാൻവേണ്ടി ഉപേക്ഷിക്കുന്നവരാകുന്നു. ഇപ്രകാരം സൃഷ്ടികളിലുള്ള സ്നേഹം മുഴുവനായി ത്യജിച്ചിട്ടു സൃഷ്ടിതാവിന്റെ പരിപൂൎണ്ണസ്നേഹംകൊണ്ടു തങ്ങളുടെ ഹൃദയം നിറച്ചിരിക്കുന്നവൎക്കു വിശുദ്ധ പ്രംസിസ്സോസ് അസ്സിസിപ്പുണ്യവാനോടുകൂടി "എന്റെ ദൈവം എനിക്കു സമസ്തം" എന്നു സസന്തോഷം പറയാവുന്നതാണ്. നമ്മുടെ കൎത്താവു സുവിശേഷത്തിൽ പ്രത്യേകം ഉപദേശിച്ചിട്ടുള്ള പുണ്യങ്ങളായ സ്വയമേവ നേരുന്ന ദാരിദ്ര്യം, കന്യാവ്രതം, അനുസരണം, എന്നിതുകളെ അനുഷ്ഠിക്കുന്നതിൽ പരിത്യാഗത്തിന്റെ ൩-ാമത്തെ പദവി അടങ്ങിയിരിക്കുന്നു. സുവിശേഷത്തിൽ പറയപ്പെടുന്ന രത്നവ്യാപാരി വിലതീരാത്ത ഒരു മുത്തു കണ്ടെത്തിയപ്പോൾ, അയാളുടെ വസ്തുക്കളെല്ലാം വിറ്റുംവച്ചു ആ മുത്തു വാങ്ങിയതുപോലെ, സൽകുടുംബജാതന്മാരായ അനേകം യുവാക്കന്മാരും യുവതികളുംലോകമായങ്ങളെല്ലാംഉപേക്ഷിച്ചു ശ്രേഷ്ഠതരമായ സന്യാസ ജീവിതം സ്വീകരിച്ചുവരുന്നുണ്ടല്ലൊ. പരിത്യാഗത്തിന്റെ പരിമാണംഅനുസരിച്ചുനമ്മിൽ ദൈവസ്നേഹം വൎദ്ധിക്കുന്നു; ദൈവസ്നേഹത്തിലുള്ള അഭിവൃദ്ധി അനുസരിച്ചു സ്വൎഗ്ഗത്തിൽ നിത്യാനന്ദവും നിത്യസ്തുതിയും കൂടുതലായി ഉണ്ടാകും. ഈ കച്ചവടത്തിന്റെ ലാഭം ഗ്രഹിക്കുന്നവർ നിൎദ്ധനരെ സഹായിക്കുക, ഭക്തിവിഷയങ്ങളായ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുക മുതലായ സൽകൃത്യങ്ങളെ ചെയ്തു അദ്ധ്യാത്മിക ഗുണങ്ങളെ പ്രാപിക്കും. ദൈവവിളി അനുസരിച്ചു ജീവിപ്പാൻ വിരോധിക്കയുമില്ല. ൧൨-ാം ശതാബ്ദത്തിൽ വിശുദ്ധ ബെൎണ്ണാൎദ്ദു ലോകത്തെ ഉപേക്ഷിച്ചു സന്യാസാശ്രമത്തിലേക്കു പുറപ്പെട്ടു; പിറകെ അദ്ദേഹത്തിന്റെ നാലഞ്ചു അനുജന്മാരും പുറപ്പെട്ടു. ഇവർ വീടു വിട്ടു പോരുമ്പോൾ, നിവാൎദ്ദു എന്നു പേരായ എല്ലാവരിലും ഇളയ സഹോദരനോടു "നിനക്കു വസ്തുക്കളെല്ലാം ഞങ്ങൾ ഒഴിഞ്ഞുതന്നിരിക്കുന്നു" എന്നുപറഞ്ഞു. "നിങ്ങൾ ആകാശം എടുത്തുംകൊണ്ടു ഭൂമി എനിക്കായിട്ടു വിട്ടേച്ചുപോകുന്നതു നന്നല്ല" എന്നു പറഞ്ഞുകൊണ്ട് അവനും ജ്യേഷ്ഠന്മാരെ അനുഗമിച്ചു. കടശി വൃദ്ധനായ അപ്പനും ആശ്രമത്തിൽ ചേൎന്നു. ഒരു സഹോദരി മാത്രം വീട്ടിൽ താമസിക്കയും, അവർ വിവാഹം കഴിച്ചു കുടുംബത്തെ രക്ഷിക്കയും ചെയ്തുപോന്നു. എന്നാൽ മരിക്കുന്നതിനു മുമ്പു ഭൎത്താവിന്റെ സമ്മതം വാങ്ങി ഇവരും ഒരു മഠത്തിൽ ചേൎന്നു. ഭാഗ്യപ്പെട്ട മരണം പ്രാപിച്ചു.

ഫാദർ അലക്സാണ്ടർ സി. ഡി.

# "ഞാൻ ആരു?" രാജകുമാരി.

മൂന്നുനാലു കൊല്ലങ്ങൾക്കുമുമ്പ് അമേരിക്കയിൽ രസകരമായ ഒരു വിവാഹമോചനക്കേസ് നടക്കുകയുണ്ടായി. പ്രധാനന്യായാധിപൻ, മിസ്റ്റർ ഓട്ട് എന്ന ആളിനോടു "ഈ നില്ക്കുന്ന സ്ത്രീയെ വിവാഹം ചെയ്തിട്ടു ഇപ്പോൾ എത്ര വൎഷങ്ങളായി?" എന്നു ചോദിച്ചു. "ഇപ്പോൾ അയ്യായിരം വൎഷങ്ങളായിരിക്കുന്നു" എന്നുള്ള മിസ്റ്റർ ഓട്ടിന്റെ മറുപടികേട്ടു ജഡ്ജി ഒന്നു ഞെട്ടിപ്പോയി.

മിസ്റ്റർ ഓട്ടു സധൈൎയ്യം തുടൎന്നു പറഞ്ഞു "അയ്യായിരം വൎഷങ്ങൾക്കുമുമ്പ് ഈജിപ്തിൽവച്ചാണ് ഞങ്ങൾ പരസ്പരം സ്നേഹിക്കുവാൻ തുടങ്ങിയതു്. അന്നു എന്റെ ഭാൎയ്യ പറവോൻ രാജാവിന്റെ രു

പവതിയായ ആമ്നെറിസ്സ് രാജകുമാരി ആയിരുന്നു. അവളെ ഞാൻ ആദ്യമായി കണ്ടതു്, ഗ്രാൻഡ് പിറമിഡിലെ രാജ്ഞിയുടെ അരമനയിൽവച്ചാണ്. ഉടനെ തന്നെ അതിസ്നിഗ്ദ്ധമായ പ്രേമവികാരം എന്തെന്നു അനുഭവിച്ചറിയുന്നതിനു എനിയ്ക്കിടയായി. നീലനദിയിൽ കിടന്നിരുന്ന ചീങ്കണ്ണികൾക്ക് ബോൺ ബോൺ പലഹാരം എറിഞ്ഞുകൊടുക്കുന്നതിനു് രാജകുമാരിയ്ക്കു വളരെ കൌതുകമുണ്ടായിരുന്നു. ഇങ്ങിനെ തീററകൊടുത്തുകൊണ്ടിരിയ്ക്കുകയിൽ, ഒരു ദിവസം, ഞാനും നദീതീരത്തു ചെല്ലുന്നതിനിടയായി. അവിടെവച്ചു ഞങ്ങൾ വീണ്ടും തമ്മിൽ കണ്ടു. ഞങ്ങൾ പൂർവ്വസ്നേഹത്തെപ്പററിയും മററും സൈ്വരമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവളുടെ അച്ഛനായ പറവോൻ രാജാവു്, യാദൃശ്ചികമായി അവിടെ വന്നതുകണ്ടു് ഞാൻ ഭയപ്പെട്ടു ഓടിപ്പോയതും എന്നെ ബന്ധനസ്ഥനാക്കിയതും, ഞാൻ നല്ലപോലെ ഓക്കുന്നുണ്ടു്. പിന്നെ തമ്മിൽകണ്ടതു ൧൯൧൦ൽ ഐക്യനാടുകളിൽവെച്ചാണ്. അവൾ എന്നെയും ഞാൻ അവളെയും അറിഞ്ഞു. അതിദീർഘമായ ൫൦ ശതവഷത്തെ വിരഹത്തിനുശേഷം വീണ്ടും കാണുന്നതിനു ഇടയായതു ഞങ്ങൾ രണ്ടാൾക്കും എത്ര ആഹ്ളാദജനകമായിരുന്നു എന്നു പറഞ്ഞറിയിക്കുന്നതിനേക്കാൾ ഊഹിക്കുയാണു നല്ലതു്. "ഇസിയാസ്" മഹാദേവിയുടെ കാരുണ്യത്താൽ ഇപ്രകാരം ഒരു ഭാഗ്യം ഞങ്ങൾക്കു സിദ്ധിച്ചുവെന്നേ പറയാനുള്ളു.

മിസ്സസ്സ് ഓട്ട്, മേൽപ്രസ്താവിച്ചതെല്ലാം ശരിയാണെന്നു സമ്മതിച്ചു. അവൾ ഇപ്രകാരം പറഞ്ഞു. ഞാൻ ആമ്നെറിസ്സ് രാജകുമാരി ആയിരുന്നതും ചീങ്കണ്ണികൾക്കു ബോൺ ബോൺ പലഹാരം എറിയുന്നതിൽ എനിക്കു സന്തോഷമുണ്ടായിരുന്നതും എല്ലാം ഞാൻ നല്ലപോലെ ഓമ്മിയ്ക്കുന്നുണ്ടു്. അക്കാലത്തു എൻെറ അച്ഛനായ പറവോൻെറ ഒരു പ്രധാന ഉദ്യോഗസ്ഥനും ഭൂലോകസുന്ദരനും ആയ മിസ്റ്റർ ഓട്ടുമായുള്ള എൻെറ കൂടിക്കാഴ്ചകളും ഞാൻ വിസ്മരിച്ചിട്ടില്ല.

൧൯൧൦-ൽ വീണ്ടും കാണുന്നതിനും, ഞങ്ങളുടെ കല്യാണത്തെ ഒന്നുകൂടി പ്രബലപ്പെടുത്തുന്നതിനും ഇടവന്നതിൽ എനിക്കു അതിയായ ചാരിതാർത്ഥ്യമുണ്ടു്. പക്ഷെ ഒരു മാതൃകാവരനായി ൫,൦൦൦ വഷങ്ങളോളം എനിക്കുവേണ്ടി കാത്തിരുന്നു എങ്കിലും, ഇന്നാൾ, അയാൾ പെട്ടെന്നു ഒരു ദുസ്സഹ ഭർത്താവായിതീൎന്നിരിക്കുന്നു. അയാൾ കുപിതനായി, പിഞ്ഞാണം കൊണ്ടു്, എൻെറ തലമണ്ടയ്ക്കു എറിഞ്ഞതു ഒരിക്കലും ക്ഷന്തവ്യമല്ലാ, അതിനാൽ അങ്ങു് ദയവുചെയ്തു വിവാഹബന്ധനത്തിൽനിന്നും എനിക്കു മോചനം അനുവദിച്ചു തരുവാറാകണം. ജഡ്ജി പറഞ്ഞു. "ഇത്ര അനിതരസാധാരണമായ വിധം ൫൦ നൂററാണ്ടുകളോളം സന്തോഷസംതൃപ്തികളോടുകൂടെ ഒരുത്തമദമ്പതികളായി ജീവിച്ചതിൻെറശേഷം, അല്പമായ ഗൃഹശണ്ഠനിമിത്തം ഈലോകൈകസുന്ദരനിൽനിന്നു വിവാഹമോചനം ആവശ്യപ്പെടുന്നതു വളരെ പരിതാപകരമാണ്." ഇങ്ങനെ കേസ്സുതള്ളി വിധി പ്രസ്താവിച്ചു.

നോക്ക്! മിസ്റ്റർ ഓട്ടും മതാമ്മയും കൂടി എത്രയൊ ദുർഘടസംപൂർണ്ണമായ ജന്മാന്തരവാദത്തിൻെറ യാഥാർത്ഥ്യത്തെ സ്ഥാപിച്ചിരിക്കുന്നു. പുനർജ്ജന്മം വാസ്തവമാണെങ്കിൽ പൂർവ്വജീവിതത്തിലെ സംഭവങ്ങളിൽ ഒന്നുപോലും ഇപ്പോൾ ഓമ്മിക്കുന്നില്ലെന്നുവരുമോ? അങ്ങിനെ ഓമ്മിയ്ക്കാത്ത സ്ഥിതിയ്ക്കു പ്രസ്തുതാക്ഷേപം സാധുവല്ലെന്നാണ് പ്രതിപക്ഷികളുടെ ന്യായം. പക്ഷേ പൂർവ്വജന്മസംഭവങ്ങളെപ്പററി നല്ലപോലെ ഓമ്മിക്കുന്നവരല്ലെയോ നമ്മുടെ സായിപ്പും മതാമ്മയും?

പുരയ്ക്കൽ മാത്യു ശ: എം. എ.

## മൂന്നു നോമ്പ്.

സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വളരെ പൂർവ്വികമായിത്തന്നെ ആചരിച്ചുവരുന്ന ഒന്നാണ്, "മൂന്നുനോമ്പ്." ഈ നോമ്പും, അമ്പതുനോമ്പുപോലെതന്നെ വളരെ നിഷ്ഠയോടെ ആണ

ല്ലൊ നാം കാത്തുവരുന്നത്. ആറാംനൂററാണ്ടിൽ മാർ ഏസക്കിയേൽ അന്ത്യോക്യയിൽ അധികാരം വഹിച്ചിരുന്നപ്പോൾ കിഴക്കൻ പ്രദേശങ്ങളിൽ അതികഠോരമായ ഒരു വസന്തയുണ്ടായി. അനേകം ആളുകൾക്ക് ജീവനാശം വരുകയും, ദേശം ഒട്ടുക്കു വ്യാപിക്കയും ചെയ്തു. ബേസ്ഗമ്മായിലെ മെത്രാപ്പോലീത്താ അവർകളും നിനിവേ നഗരത്തിന്റെ മെത്രാൻ അവർകളും കൂടി യോജിച്ച് ഈ വസന്തയുടെ ഒരു ശമനം, ദൈവത്തിൽ നിന്നു തന്നെ പ്രതീക്ഷിക്കേണ്ടതാണെന്നു തീരുമാനിച്ചുകൊണ്ട് നിനിവെ ദേശവാസികളെ നാശത്തിൽ നിന്നും രക്ഷിച്ച ദൈവം തങ്ങളുടെ ജനത്തെയും വസന്തയിൽ നിന്നും രക്ഷിക്കുമെന്ന് ഉപദേശിച്ചുകൊണ്ട് മൂന്നു ദിവസത്തേക്കു നോമ്പ്, നമസ്കാരം, തപസ്സ് ആദിയായവയെ എല്ലാവരും കാക്കേണ്ടതാണെന്നു നിശ്ചയിച്ചു. മാർ ഏസക്കിയേൽ ബാവായിൽ നിന്നും വേണ്ട അനുമതികൾ വാങ്ങി ജനങ്ങളുടെ ഇടയിൽ പ്രസംഗം ചെയ്തു തുടങ്ങി. ദൈവാനുഗ്രഹത്താൽ വസന്തയ്ക്കു ശമനം ഉണ്ടാവുകയും ചെയ്തു. ഈ ഭക്തപ്രവൃത്തി മേലാൽ എന്നും ചെയ്തുവരുന്നതിനും നിശ്ചയിച്ചു. ഈ മുറതന്നെ പൌരസ്ത്യ സഭയിലെ കത്തോലിക്കാ സുറിയാനി അംഗങ്ങളായ നമ്മുടെ ഇടയിലും പൂർവ്വകാലം മുതൽക്കു നടപ്പായിട്ടുള്ളതാണ്. യൌനാൻ ദീർഘദർശി നിനിവേ പട്ടണങ്ങളിൽ പ്രസംഗിക്കുന്നതിന്നു ദൈവത്താൽ നിയോഗിക്കപ്പെട്ടിട്ടും പരമാർത്ഥിയായ അദ്ദേഹം മനുഷ്യനിന്ദയെ വിചാരിച്ചുകൊണ്ടു ഇതരസ്ഥലത്തേയ്ക്കാണല്ലൊ പോയത്. അതിനാൽ ദൈവം കടലിൽ ക്ഷോഭം ഉണ്ടാക്കുകയും കപ്പൽക്കാർ ദൈവപ്രേരണയാൽ യൌനാനെ വിളിച്ചു കടലിൽ ഇട്ടുകളകയുംചെയ്തു. ദീർഘദർശിയാകട്ടെ, മത്സ്യത്തിന്റെ വയററിൽ മൂന്നു ദിവസം സുഖമായി സംരക്ഷിക്കപ്പെട്ടതിന്റെ ശേഷം നിനിവേ പട്ടണത്തിൽതന്നെ വന്നുചേർന്നു. ഇതിനാൽ മൂന്നുനോമ്പ് കാലങ്ങളിൽ യൌനാൻ നിവ്യായുടെ ചരിത്രവും, നിനിവെ നിവാസികളുടെ അനുതാപവും, വസന്ത ശമിച്ചതിന്റെ സ്മരണയും ദൈവത്തിന്റെ അനുഗ്രഹവിശേഷവും നാം പ്രത്യേകം ഓർക്കേണ്ടതാണ്. നോമ്പ്, നമസ്കാരം തപസ്സ് എന്നിതുകൾ ദൈവത്തിനു വളരെ ഇഷ്ടമുള്ളതാണെന്നുമാത്രമല്ല ദൈവാനുഗ്രഹങ്ങൾ നമുക്കു ലഭിക്കുന്നതിനുള്ള ഉത്തമമാർഗ്ഗവുമാണെന്നു നാം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാണ്.



---

ആലപ്പുഴ നിന്നും ഒരാൾ എഴുതുന്നത്— "എന്റെ കയ്യിൽ നിന്നും ഇന്നലെ ൧൦൦ രൂപായുടെ ബാങ്കുനോട്ടു കളഞ്ഞുപോകയും വളരെയെല്ലാം അന്വെഷിച്ചിട്ടും കാണാഴികയാൽ വിശുദ്ധ അന്തോനിപ്പുണ്യവാന്റെ സ്തുതിക്കായി ൨ തിരി കത്തിക്കാമെന്നും വിവരം പത്രത്തിൽ പ്രസിദ്ധം ചെയ്യാമെന്നും നേർന്നു. ഇന്നു കാലത്തു ടി. നോട്ടു വിസ്മയമാംവണ്ണം കണ്ടുകിട്ടുകയും ചെയ്തിരിക്കുന്നു."

ശ്രീമാൻ പി. ജെ. തോമ്മസ് എം. ഏ. ഓണേഴ്സ് അവർകൾ തിരുവനന്തപുരം മഹാരാജാസ് കോളജിൽ ഇന്റർമിഡിയററു, ഓണേർസ് എന്നീ ക്ലാസുകളിലെ ചരിത്രപ്രാസംഗികനായി നിയമിക്കപ്പെട്ടതായറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു

# ഒരു മാതൃകാപൂരുഷൻ. (തർജ്ജമ.)

വേദപ്രചാരണം വൈദികരുടെ ചുമതലയാണെന്നും, ലൗകികക്ക് അതിൽ ഏർപ്പെട്ടിട്ട് യാതൊരു കാര്യവുമില്ലെന്നും ഒരു വിചാരം പലരുടേയും ഇടയിലുണ്ട്. ഇതു് വലിയ തെററിദ്ധാരണയാണ്. തങ്ങളുടെയും മററുള്ളവരുടെയും രക്ഷയ്ക്കുവേണ്ടി യഥാശക്തി എല്ലാവരും പ്രയത്നിക്കേണ്ടതാകുന്നു. ഇങ്ങനെ ആയിരുന്നു ആദിമകാലങ്ങളിലെ ക്രിസ്ത്യാനികൾ പ്രവർത്തിച്ചുവന്നിരുന്നതു്. സത്യവേദം പരത്തുന്നതിനു അവർ സർവ്വഥാ ബദ്ധശ്രദ്ധന്മാരായിരുന്നു. ഇക്കാലസ്ഥിതി നോക്കുന്നതായാൽ സത്യവേദം പ്രചരിപ്പിക്കുന്നതിന് ലൗകികക്കു വളരെ സൗകര്യങ്ങളുണ്ടായിരുന്നിട്ടും പലരും അപ്രകാരം ചെയ്യാത്തതു പരിതാപകരമാണ്.

കേവലം ദാസ്യവൃത്തിയിൽ ജീവിതം കഴിച്ച അൽഫോൻസസ്സ് റോഡ്റിഗസ് എന്ന പുണ്യവാന്റെ ജീവിതം ഈ വിഷയത്തിൽ നമുക്കൊരുത്തമ മാതൃകയാകുന്നു. ഇദ്ദേഹം ഈശോസഭയിലെ ഒരു അത്മായ സഹോദരൻ (Lay brother) ആയിരുന്നു. മജോക്കാ ദ്വീപിലുള്ള പാത്മാ നഗരത്തിലെ, ജസ്വീററു കോളജിന്റെ പടിവാതൽ കാവലായിരുന്നു ഇദ്ദേഹത്തിന്റെ ജോലി. പ്രസിദ്ധന്മാരായ വാഗ്മികൾ പ്രസംഗങ്ങൾകൊണ്ടു് മാനസാന്തരപ്പെടുത്തിയിട്ടുള്ളതിലധികം ആളുകളെ ഈ സാധുമനുഷ്യൻ സുകൃതമായ സജ്ജീവിതംകൊണ്ടു സന്മാർഗ്ഗത്തിലേക്കു തിരിച്ചിട്ടുണ്ടു്. സാഹിത്യവും ശാസ്ത്രവുംകൊണ്ടെന്നതിനേക്കാൾ ഭക്തിയും തീക്ഷ്ണതയുംകൊണ്ടാണ് അധികം ഫലസിദ്ധിയുണ്ടാകുന്നതെന്നുള്ളതിന് ഇദ്ദേഹത്തിന്റെ ജീവിതം ഒരുത്തമദൃഷ്ടാന്തമാകുന്നു.

ക്ഷമയും സൗശീല്യവുമുള്ള ഒരാൾ പടിപ്പുര 'വിചാരിപ്പു'ജോലി നോക്കുന്ന പക്ഷം അനവധി ആളുകളെ സന്മാർഗ്ഗത്തിലേക്കു നയിക്കുന്നതിനു സൌകര്യമുണ്ടെന്നു ഇദ്ദേഹം നല്ലപോലെ ഗ്രഹിച്ചിരുന്നു. കോളജ് വിദ്യാർത്ഥികളായും അല്ലാതെയും അനേകംപേർ പ്രതിദിനം ആ വാതൽകടന്നു പൊയ്ക്കൊണ്ടിരുന്നു. ആളും തരവുംനോക്കി ഒന്നുരണ്ടും പറഞ്ഞു് ഇദ്ദേഹം പലരേയും നേർവഴിക്കു തിരിച്ചു. ഇദ്ദേഹത്തിന്റെ സംഭാഷണമാധുര്യംകൊണ്ടു പല കുട്ടികളും സമയംപോലെ ഇദ്ദേഹവുമായി സഹവാസം ചെയ്തിരുന്നു. പടിപ്പുരക്കടുത്തുള്ള തന്റെ ചെറിയ മുറിയിൽവച്ചു് അദ്ദേഹം അദ്ധ്യാത്മികഗ്രന്ഥങ്ങൾ വായിച്ചുകേൾപ്പിച്ചും സദുപദേശങ്ങൾ ചെയ്തും പലരേയും ഭക്തകൃത്യങ്ങളിലേക്കാകർഷിച്ചു. അധികാരികളോടു അനുസരണമുണ്ടായിരിക്കണമെന്നും പാഠസമയം വൃഥാനഷ്ടമാക്കരുതെന്നും ദുഷ്ടസ്നേഹിതന്മാരെ വർജ്ജിക്കണമെന്നും, പരിശുദ്ധ കന്യകയോടും, പ്രത്യേകം അങ്ങേ വിശുദ്ധ അമലോത്ഭവത്തോടും ഭക്തിയുണ്ടായിരിക്കണമെന്നും മററും വിദ്യാർത്ഥികളോടു ഉപദേശിച്ചിരുന്നു. പ്രതിദിനം ജപമാല എത്തിക്കുന്നതിനും ഭക്തിസമേതം കുമ്പസാരം, കുർബാനകൈക്കൊള്ളുപ്പാടു എന്നിതുകളെ കഴിക്കണമെന്നും കുട്ടികളെ പഠിപ്പിച്ചു. പുണ്യപരിപൂർണ്ണതയിലേക്കു ആകർഷണമുണ്ടായിരുന്നവരേ, പ്രതിദിനം ആത്മശോധന ചെയ്യുന്നതിനും സദാ ദൈവനന്മയെപ്പററി ഓർക്കുന്നതിനും അഭ്യസിപ്പിച്ചിരുന്നു. പരിശുദ്ധ കന്യകയുടെ സംഘത്തിൽ (Sodality of the Blessed Virgin) ചേരുന്നതിനും അങ്ങേസ്തുതിക്കായി ആത്മശുദ്ധിയും ശരീരശുദ്ധിയും കാക്കുന്നതിനും അമലോത്ഭവമാതാവിന്റെ ജപമാല ദിവസംതോറും എത്തിക്കുന്നതിനും അനേകംപേരെ ഉത്സാഹിപ്പിച്ചിരുന്നു. "ദൈവവിളി"സംബന്ധിച്ചു് പല യുവാക്കന്മാരും ഇദ്ദേഹത്തോടു് ആലോചന ചോദിച്ചതിൽ, ഒരുത്തരോടും ഇന്ന സഭയിൽ ചേരണമെന്നു പറയാതെ, ദൈവതിരുമനസ്സറിയുന്നതിനു പ്രാർത്ഥിക്കണമെന്നു മാത്രം പറഞ്ഞുവന്നു. അവശ്യമെന്നു തോന്നിയപ്പോൾ പല സാരോപദേശങ്ങളും എഴുതിക്കൊടുക്കയും ചെയ്തിട്ടുണ്ടു്. അൽഫോൻസസിന്റെ സുകൃത ജീവിതത്താൽ ആകർഷിക്കപ്പെട്ടു്, പലേ പൌരപ്രധാനികളും തങ്ങളുടെ കുട്ടികൾക്കു സാന്മാർഗ്ഗികമായ പ്രാഥമികവിദ്യാഭ്യാസം സിദ്ധിക്കു

ന്നതിനു ഇദ്ദേഹത്തിൻെറ പക്കൽ അയച്ചിരുന്നു. ബാലഹൃദയങ്ങളെ നിഷ്പ്രയാസം സൽപന്ഥാവിലേക്കു ആനയിക്കാമെല്ലൊ എന്നുവച്ചു അദ്ധ്യാപകവൃത്തിയേ അദ്ദേഹം മനഃപൂർവ്വം സ്നേഹിച്ചിരുന്നു. മജോക്കാദീപിൻെറ ബൊചന്ദ്രോയിയുടെ മകൻ കൂടിയും ഇദ്ദേഹത്തിൻെറ കീഴിലാണു അക്ഷരാഭ്യാസം ചെയ്തതു്. (തുടരും)

എ. ജെ. വറുഗീസ് ബി. എ. എൽ. ടി.

## തിരുഹൃദയഭക്തന്മാർ ൧൯൧൯ കുംഭമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗം

### യുദ്ധത്തിൽ മൃതന്മാരായ പട്ടാളക്കാരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക.



ശുദ്ധീകരസ്ഥലത്തിൽ കിടന്നു വേദന അനുഭവിക്കുന്ന ആത്മാക്കളുടെ കൂട്ടത്തിൽ "നിരാശ്രയാത്മാക്കൾ" അഥവാ ആരുമൊരു സഹായമില്ലാത്ത ആത്മാക്കൾ, അനേകമുണ്ടു്. ഒരുത്തരുടെയും സഹായമില്ല; തന്നത്താൻ സഹായിപ്പാൻ നിവൃത്തിയുമില്ല. ഈ നിർഭാഗ്യ സ്ഥിതിയിൽ വേദന അനുഭവിക്കുന്ന നിരാശ്രയാത്മാക്കളുടെ സഹായത്തിനായി വന്ദ്യ ദിവ്യശ്രീ ബുഗോ എന്ന വൈദികശ്രേഷ്ഠൻ ഫ്രാൻസിൽ മൊന്തലിജ്യൻ എന്ന സ്ഥലത്തു് ഒരു "സഖ്യത" ഏൎപ്പെടുത്തുകയും തപാൽ വഴി പിരിയുന്ന പണംകൊണ്ടു പ്രതിവൎഷം അനേകായിരം കുർബാന ചൊല്ലിക്കയും ചെയ്തുവരുന്നു. ഈ കാലത്തു നടന്ന ഭയങ്കരമായ യുദ്ധത്തിൽ മൃതന്മാരായ അനേക ലക്ഷംകത്തോലിക്ക പട്ടാളക്കാരുടെ ആത്മാക്കൾ നിരാശ്രയാത്മാക്കളുടെ കൂട്ടത്തിൽ ഉണ്ടാകുവാനിടയുണ്ടു്. സാധാരണന്മാരായ പടയാളികളുടെ കുടുംബക്കാരിൽ നിന്നു കുർബാന മുതലായ സഹായങ്ങളെ പ്രതീക്ഷിപ്പാൻ തരമില്ല. ഭക്ഷണവും, വസ്ത്രവും, വാസസ്ഥലവുമില്ലാതെ ഞെരുങ്ങുന്ന ബന്ധുക്കളിൽ നിന്നു വലിയ സഹായമുണ്ടാകുവാനും നിവൃത്തിയില്ല. ആകയാൽ എല്ലാ വിശ്വാസികളും പ്രത്യേകം തിരുഹൃദയഭക്തന്മാരും ഈ പട്ടാളക്കാരുടെ ആത്മാനുകൂല്യാർത്ഥം പ്രാർത്ഥിക്കയും, ദിവ്യപൂജ കണ്ടു കാഴ്ചവെക്കയും, ദണ്ഡവിമോചനങ്ങൾ പ്രാപിച്ചു സമൎപ്പിക്കയും ചെയ്യേണ്ടതാകുന്നു. ഇതു് വലിയ ധൎമ്മപ്രവൃത്തിയും ആയിരിക്കുമെന്നുള്ളതിനു സംശയമില്ല. നിരാശ്രയാത്മാക്കളുടെ കൂട്ടത്തിൽ പെട്ടവരല്ലെന്നിരുന്നാലും, മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് വലിയ ഉപവിപ്രവൃത്തിയാണു്. അതുകൊണ്ടു് സ്വരാജ്യത്തിനുവേണ്ടി ആജീവനാന്തം യുദ്ധംചെയ്തു് മൃതരായ കത്തോലിക്കായോദ്ധാക്കളുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു മഹത്തായ ഒരു ധൎമ്മമാണു്. ഇവർ സ്വരാജ്യക്കാരോ ശത്രുപക്ഷക്കാരോ എന്നുള്ള വ്യത്യാസം നമ്മുടെ പ്രാർത്ഥനകളിൽ കാണിക്കരുതു്. എന്തെന്നാൽ എല്ലാവരും സ്വൎഗ്ഗസ്ഥനായ ഒരേ പിതാവിൻെറ മക്കളാകുന്നു. അതിനാൽ മൃതരായ സകല കത്തോലിക്കാ യോദ്ധാക്കളുടെയും ആത്മാനുകൂല്യാർത്ഥം എല്ലാവരും പ്രാർത്ഥിപ്പാറാകണം,

## ചോദ്യോത്തരപ്പെട്ടി.

ക. കുസുമം പത്രാധിപരവർകൾക്ക്,

ബ. അച്ചാ!

എടവം, മാതാവിൻെറ ഭക്തിക്കായിട്ടും, മിഥുനം, തിരുഹൃദയത്തിൻെറ ഓൎമ്മയ്ക്കായിട്ടും, തിരുസഭ നിയോഗിച്ചിട്ടുണ്ടല്ലൊ. ഇതുപോലെ മററു മാസങ്ങളേയും വല്ല പുണ്യവാന്മാരുടേയും സ്മരണയ്ക്കായിട്ടുവച്ചിട്ടുണ്ടോ?

ഈ ചോദ്യത്തിൻെറ സമാധാനം അടുത്ത കുസുമത്തിൽ പ്രസിദ്ധം ചെയ്തു കാണ്മാനപേക്ഷിക്കുന്നു.

എന്നു അങ്ങേ വിധേയൻ, ജിജ്ഞാസു്.

സമാധാനം.

പ്രസിദ്ധം ചെയ്യുന്നതിനല്ലെങ്കിലും, എഴുത്തുകളിൽ സാധാരണമായി സ്വന്തം പേരുകൂടി ചേൎക്കുകയാണ വേണ്ടതു്. ചിലപ്പോൾ നേരിട്ടു മറുപടി അയക്കേണ്ടതായിട്ടും വരുന്നതാണല്ലൊ

കത്തോലിക്ക രാജ്യങ്ങളിലെ ആചാരപ്രകാരവും വിശ്വാസികളുടെ ഭക്തിയനുസരിച്ചും ഓരോ മാസത്തേയും ഓരോ ഭക്തിക്കായിട്ടു നിയോഗിച്ചിട്ടുണ്ടു്. അതിങ്ങനെയാണ്.

മകരം— ഈശോയുടെ ബാല്യം.
കുംഭം— മ്ശിഹായുടെ കഷ്ടാനുഭവം.
മീനം— മാർ യൗസേപ്പു പിതാവിനോടുള്ള ഭക്തി.
മേടം— മ്ശിഹായുടെ ഉത്ഥാനം.
എടവം— പരിശുദ്ധ കന്യക മറിയത്തിനോടുള്ള വണക്കം.
മിഥുനം— കൎത്താവിൻെറ തിരുഹൃദയം.
കൎക്കടകം— കൎത്താവിൻെറ തിരുരക്തം.
ചിങ്ങം— പരിശുദ്ധ ദൈവജനനിയുടെ ഹൃദയം.
കന്നി— കന്യകമറിയത്തിൻെറ ജനനവും വ്യാകുലവും.
തുലാം— വി മാലാഖാമാരും ജപമാലയും.
വൃശ്ചികം— ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾ.
ധനു— മ്ശിഹായുടെ ജനനം.

## കുറിപ്പുകളും വൎത്തമാനങ്ങളും.

ക. നി. മൂ. സഭ വകയായി ഇപ്പോൾ ൧൨ ആശ്രമങ്ങളും, ൨ ഉന്നത പാഠശാലകളും, ൪ മദ്ധ്യമ പാഠശാലകളും ൫ വിദ്യാൎത്ഥി മന്ദിരങ്ങളും ൨ കരകൗശല സ്ഥാപനങ്ങളും ഉണ്ടു്. പ്രസ്തുത സഭയുടെ ഉത്സാഹത്താൽ നാളിതുവരെ ജ്ഞാനസ്നാനപ്പെട്ടിട്ടുള്ളവരുടെ സംഖ്യ പതിമൂവായിരത്തി എൺപത്തുരണ്ടാണ്. കൎമ്മലീത്താ സഭാംഗങ്ങളായി വന്ന വൈദികന്മാരും, ൩൪ തുണസഹോദരന്മാരും ൨൭ നവസന്യാസികളും ഉണ്ടു്. യോഗാൎത്ഥികളുടെ സംഖ്യ മുപ്പതാണ്.

* * *

ഞങ്ങളുടെ മദ്രാസ് ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുന്നു:— ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഇപ്പോൾ പോണ്ടിച്ചേരിയിലാണ്. താമസിയാതെ തന്നെ അദ്ദേഹം മൈലാപ്പൂരിൽ മടങ്ങി വന്നതിൻെറ ശേഷംബംങ്കളൂരിലേക്കു പോകുന്നതിനു നിശ്ചയിച്ചിരിക്കുന്നു. മൈസൂർ രൂപതയിൽ ചേൎന്ന ബങ്കളൂർ പട്ടണത്തിൽ സെൻറു കാതറയിൻസു ഹൈഗ്രൌണ്ട് എന്ന സ്ഥലത്തു, "ഡലഗേഷൻ" സ്ഥിരപ്പെടുത്തിയിരിക്കുന്നതായി സൂക്ഷ്മമായി അറിയുന്നു."

* * *

മെസ്സേഴ്സ് പി. സ്റ്റീഫൻെറയും കേ. ജീ. സോളൻെറയും ഉടമസ്ഥതയിൽ മയ്യനാട്ടുനിന്നും "ധൎമ്മഭൂതൻ" എന്ന അഭിധാനത്തിൽ ഒരു മാസിക ഉടനെ പുറപ്പെടുന്നതാണെന്നു ഇവിടെ കിട്ടിയ വിജ്ഞാപനത്തിൽനിന്നു കാണുന്നു. ഉത്തമന്മാരായ രണ്ടു കത്തോലിക്കരുടെ വകയായ ഈ നൂതന സഹജീവിയുടെ പ്രഥമലക്കം കാണുന്നതിനു ഞങ്ങൾക്കു വളരെ ആഗ്രഹമുണ്ടു്.

* * *

കത്തോലിക്കാ സഹോദരങ്ങളുടെ പേൎഷ്യായിലെ സ്ഥിതി വളരെ വളരെ പരിതാപകരമാണ്. ലാസ്സറിസ്റ്റു മിഷ്യന

രിമാരുടെ വകയായ ഉറുമിയാ രൂപതയി ലെ മൂന്നു വൈദികരേയും ൩൦൦ കൽദായ സുറിയാനിക്കാരേയും കർഡീഷ് പ്രധാനികൾ നിർദ്ദയമായി വധിച്ചിരിക്കുന്നു. അത്രമാത്രമല്ല, പേർഷ്യായിലെ ദലഗാദപ്പസ്തോലിക്കായും ഇസ്ഫഹാനിലെ മെത്രാപ്പോലിത്തായുമായ മൊൺസിഞ്ഞോർ സോൻറാഗ്ഗം ആ നിഷ്ഠുരന്മാരുടെ ക്രൂര ഖഡ്ഗത്തിനിരയായിത്തീർന്നിരിക്കുന്നതായി കമ്പിവത്തമാനങ്ങളിൽ കാണുന്നു. അഹോ എത്ര ഭയങ്കരം! പേർഷ്യായിലെ കൽദായ സുറിയാനി ജനത്തിന്നും അവരുടെ വന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാൎക്കും വേണ്ടി നമുക്കു ഹൃദയപൂൎവ്വം പ്രാൎത്ഥിക്കാം. അപ്രകാരംതന്നെ അവരുടെ ശത്രുക്കളുടെ മാനസാന്തരത്തിനായി ദയാനിധിയും സൎവ്വശക്തനുമായ ദൈവത്തോടു അപേക്ഷിക്കുന്നതിനും നാം വിസ്മരിക്കരുത്.

* * *

പ്രൊാത്തുവാരിയും, യൂക്കറിസ്റ്റ ആൻഡ് പ്രീസ്റ്റ്, ഭാഷാപോഷിണി, കത്തോലിക്കാദ്ദതൻ, പ്രബുദ്ധകേരളം, മിതവാദി, വിദൂഷകൻ, മലങ്കരസഭാതാരകം എന്നീ മാസികകൾ നന്ദിപൂൎവ്വം കൈപ്പററിയിരിക്കുന്നു. സമുദ്രതിരവും, സത്യനാദവും, മുസ്ലീമും, കുസുമത്തിൻെറ പരിഷ്കാരത്തെപ്പററി പ്രോത്സാഹകമായി പ്രസ്താവിച്ചതിനു തൽപ്രവൎത്തകന്മാരോടു ഞങ്ങൾ അത്യന്തം കൃതജ്ഞതയുള്ളവരായിരിക്കുന്നു. * * *

പെൻഷ്യയണ്ട പോസ്റ്റൽ സൂപ്രണ്ടു മിസ്റ്റർ ജി. ആർ. പീറേറർസിൻെറ പുത്രികളായ മിസ്സ് ഗ്രെയ്സ് ബി. എ. എൽ. ടിയും മിസ് കാറൊലൈനും വേപ്പരയിൽ വച്ചു മാനസാന്തരപ്പെട്ടിരിക്കുന്നതായി അറിയുന്നു. കൂടാതെയും ഇപ്പോഴത്തെ സൂപ്രണ്ടു എഫ്. പീറേറർസും ഭാൎയ്യയും രണ്ടു മക്കളും രോയപുരത്തുവച്ചു ഈയിടെ തിരുസ്സഭയിൽ ചേരുകയുണ്ടായി. മദ്രാസിലെ പിറേറർസ് കുടുംബം പ്രസിദ്ധപ്പെട്ട ഒന്നാണ്.

## ചരമവാർത്തകൾ.

ആലപ്പുഴെ വെളിയിൽ മിസ്റ്റർ അന്തര പൌലീഞ്ഞു ജനുവരിമാസം ൧൦-ാംനു അന്തിമ കൂദാശകൾ കൈക്കൊണ്ടു പരലോകപ്രാപ്തനായിരിക്കുന്നു. മരണഹേതുകമായ ദീനം ക്ഷയമായിരുന്നു. മുട്ടത്തു വെളിപ്പറമ്പിൽ വക്കി ഔസേപ്പ് അവർകൾ കഴിഞ്ഞമാസം ൧൦-ാംനു തൻെറ ൩൯-ാമത്തെ വയസ്സിൽ അന്തിമ കൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു മിശിഹായിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുകൂല്യാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

# പഞ്ചാംഗം.

## ൧൯൧൮, ഫെബ്രുവരി- ൧൦൯൩ മകരം - കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | ശ | അ. വേ. ഇഗ്നാസ്യോസ് ന. ആ. കു. വെ. | ച |
| 2 | 20 | ഞാ | ✠ (ദന. ര) ക. മ. ശുദ്ധീ. ന. കു. വെ. ∙ ൨൫ ∙ ൭ ∙ ൨<br>☞ തിരി വൃശ്മാ. പ്രദ. (പൂൎണ്ണദണ്ഡവിമോചനം.)<br>കടമാളൂർ, പാലാ, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട്, കടപ്പാമററം, മുട്ടാർ, എടത്വാ ഈ പള്ളികളിൽ ദൎശനത്തിരുനാൾ, എൽത്തുരുത്തു കൊവേന്ത പ്രധാന തിരുനാൾ. മുങ്ങോട്ടു പള്ളിയിൽ വി. സെബസ്ത്യാനോസിൻെറ പ്രധാന തിരുനാൾ. | വെ. |
| 3 | 21 | തി | അ. വേ. ബ്ളാസിയോസ്. ന. ആ. കു. വെ.<br>☞ നാഗപ്പുഴ വി. സെബസ്ത്യാനോസ് പ്രധാന തിരുനാൾ, | ച. |

4 22 ചൊ † അം. മെ൱. അന്ത്രയോസ് കുർസീനി ക.സ.. ന. ആ. കു. വെ. വെ.
5 23 ബു ക. വേ ആഗസാ. ന. ആ. കു. വെ. ച്യു.
6 24 വ്യ ക. വേ. ദോറൊത്തെയാ. ന. ആ. കു വെ. ച്യു.
7 25 വെ മെ൱. റൊമുവാൽദോസ്. ന. ആ. കു. വെ. വെ.
8 26 ശ † മെ൱. യോഹന്നാൻമാത്താ. ന. ആ കു. വെ. വെ.
9 27 ഞ ✠ ദന. ൭-ാം ന. കു ആ. [illegible] വെ.
10 28 തി † മൂന്നുനോമ്പ. ന.കു.ആ. [illegible] ഇറച്ചി വിലക്ക്. റോ.
11 29 ചൊ † മൂന്നുനോമ്പ. ന. കു. ആ. [illegible] ഇറച്ചി വിലക്ക്. റോ.
☞ ലൂർദിൽ അമലോത്ഭവമാതാവു് പ്രത്യക്ഷയായി.
കുറവലങ്ങാട്ട് പള്ളിയിൽ പ്രധാന തിരുനാൾ.
12 30 ബു † മൂന്നുനോ. ന. കു. ആ. [illegible] ഇറച്ചി വിലക്ക്. റോ.
☞ കടുത്തുരുത്തി വലിയപള്ളിയിൽ പ്രധാനതിരുനാൾ.
13 1 വ്യ ക. വേ. അപ്പോലോനിയാ. (ഈ. ൯) ന. ആ. കു. വെ. ച്യു.
14 2 വെ വേ. വലേന്റീനോസ്. ന. ആ. കു. വെ. ച്യു.
15 3 ശ ◉ വേ. പവുസ്റ്റിനോസ് ന. ആ. കു. വെ. ച്യു.
[illegible]
16 4 ഞ ✠ [illegible] ന. കു. ആ. [illegible] റോ.
സ്ലാസ്സ്യോൻ ൩൦ ആണ്ടത്തേയും ൩൦ മണ്ഡലത്തേയും ദ. വി.
17 5 തി † ക. സ്കൊളാസ്റ്റിക്കാ. (ഈ. ൧൦) ന. ആ. കു. വെ. വെ.
☞ മാർ യൌ. പിതാവിന്റെ വണക്കമാസം, തന്റെ മരണത്തിരുനാൾ ദിവസം അവസാനിക്കത്തക്കവണ്ണം, കഴിക്കുന്നതിന്നു ആഗ്രഹിക്കുന്നവർ ഇന്നേ ദിവസം തുടങ്ങണം (൧) ദിനംപ്രതി ൩൦൦ ദിവസത്തെ ദ. വി. (൨.) മാസത്തിൽ ഒരിക്കൽ മുറപ്രകാരം പൂർണ്ണ ദ. വി.
18 6 ചൊ † ന. ക. പ്രാത്ഥന. [illegible] ന. ആ. കു. വെ. ച്യു.
☞ ആരക്കുഴപ്പള്ളിയിൽ ശെമഓൻ അപ്പസ്തോലയുടെ തിരുനാൾ.
19 7 ബു † അമ. മറിയ. പ്രത്യക്ഷപ്പെട്ടു. (ഈ. ൧൧) ന. ആ. കു. വെ. വെ.
20 8 വ്യ † പാ. മെ൱ ദിയൊനീസ്യോസ്. (ഈ. ൧൨) ന. ആ. കു. വെ. വെ.
21 9 വെ † അ. വേ. പത്രോസ് തോമ്മാ. (ഈ. ൧൩) ന. ആ. കു. വെ. ച്യു.
☞ ൪൦-ാം വെള്ളിയാഴ്ച വ്യാകുലമാതാ തിരുനാളിന്നു മുമ്പുള്ള ഏഴു വെള്ളിയാഴ്ച ഭക്തി, വി. കുമ്പാന ഉൾക്കൊണ്ടു ഭക്തിപൂർവ്വം കഴിക്കുന്നവർക്കു് വിശേഷ ഫലങ്ങൾ ഉണ്ടു്. ടി. ഭക്തി ഇന്നു തുടങ്ങുന്നു.
22 10 ശ ശ്ലീ. പത്രോസ്. അന്തിയോക്യാ സിംഹാസനം ന. ആ. കു. വെ. വെ.
23 11 ഞ ✠ [illegible] ന. കു. ആ. [illegible] റോ.
24 12 തി (✠) ശ്ലീ. മത്ത്യാ ശ്ലീ. ന. കു. വെ. ച്യു.
25 13 ചൊ † ന. ക. കഷ്ടാനുഭവം. [illegible] ന. ആ. കു. വെ. ച്യു.
26 14 ബു † അ. മെ൱. തെത്തോസ്. (ഈ. ൬) ന. ആ. കു. വെ. വെ.
27 15 വ്യ † അ. മ. പത്രോസ്. ദമിയാ. (ഈ. ൨൩) ന. ആ. കു. വെ. വെ.
28 16 വെ അ. വേ. ശിമ. (ഈ. ൧൭) ന. ആ. കു. വെ. ച്യു.

---

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam, 1919.

## കുസുമത്തെപ്പററി മാന്യന്മാർ എന്തുപറയുന്നു?

"...... കുസുമപ്പരിഷ്ക്കാരം എത്രയും ശ്ലാഘനീയമായിരിക്കുന്നു. ഈ നിലയിൽ കൊണ്ടുപോകുന്നതായാൽ കുസുമത്തിനു നല്ല പ്രചാരം ഉണ്ടാകാതിരിക്കില്ല. ഒരു കത്തോലിക്കാ കുടുംബത്തിനു ഇതു ഒരു അമൂല്യസമ്പത്തായിരിക്കുമെന്നുള്ളതു് നിസ്സംശയമാണു്. കുംഭം ലക്കം വി. പി. ആയിട്ടു എൻെറ മേൽവിലാസത്തിൽ അയപ്പാറാകണം. ......"

(സി. എം. കുത്താട്ടുകുളം.)

"...... കർമ്മല കുസുമം എന്ന പുസ്തകം ഞാൻ വായിച്ചതിൽ എനിക്കു വളരെ രസകരമായി തോന്നിയിരിക്കുന്നതിനാൽ ആ മാസിക പുസ്തകത്തെ വരുത്തണമെന്നു് ആഗ്രഹിക്കുന്നു. അതിനാൽ ഈ മാസത്തെ ഒരു പ്രതി വി. പി. ആയിട്ടു അയച്ചുതരുവാനപേക്ഷ. ......"

കടുത്തുരുത്തി.

---

# കർമ്മലകുസുമം.

തിരുവിതാംകൂറിലെ കത്തോലിക്ക മാസികകളിൽ ഏററവും പഴക്കമുള്ളതു്

## മാസികാവരിസംഖ്യവിവരം.

ആണ്ടടക്കം മുൻകൂറു ബ്രി. രൂപാ ഒന്നു മാത്രം.

മാനേജർ,

"ക. കുസുമം" മാന്നാനം.

# THE FLOWER OF CARMEL.

AN ILLUSTRATED CATHOLIC MALAYALAM MAGAZINE.

**Annual Subscription Re 1. in advance.**

*Apply to.*

The Manager,

"The Flower of Carmel"

Mannanam,

Travancore, S. India.

---

## മൂന്നുനോമ്പു്.

"ചരിത്രപ്രസിദ്ധമായ കുറവിലങ്ങാട്ടുപള്ളിയിലെ മൂന്നുനോമ്പു് തിരുനാൾ ഈ മാസം ൧൧-ാംനു- ആരംഭിച്ചു ൧൩-ാംനു- അവസാനിക്കുന്നതാണു്. ഈ തിരുനാൾ മുന്നാണ്ടുകളെ അപേക്ഷിച്ചു കൂടുതൽ ഭംഗിയായി ആഘോഷിക്കുന്നതിനു ഭാരവാഹികൾ ശ്രമിച്ചുവരുന്നു. ഇപ്രാവശ്യം ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സിലെ സാന്നിധ്യം തിരുനാൾ ദിവസങ്ങളിൽ കുറവലങ്ങാട്ടുണ്ടായിരിക്കുമെന്നു സൂക്ഷ്മമായി അറിയുന്നു. കൂടാതെയും പള്ളിവകയായി പണിയിച്ചിരിക്കുന്ന കന്യകാമഠത്തിൻെറ ഉൽഘാടനകർമ്മവും ഉണ്ടാകുന്നതാണു്. ഒ. ലേ.

# വിജ്ഞാപനം.

൧. മാസികയുടെ പൂർവ്വാധികമായ പ്രചാരണത്തിനു വേണ്ട ഒത്താശകളെല്ലാം ചെയ്യുന്നതിനു എല്ലാ പ്രധാനസ്ഥലങ്ങളിലും ഏജണ്ടന്മാരെ ആവശ്യമുണ്ട്. അവർക്കു ന്യായമായ പ്രതിഫലം കൊടുക്കപ്പെടുന്നതുമാണ്.

൨. കുസുമമിത്രങ്ങളുടെ മരണവൃത്താന്തവും പരിശുദ്ധ കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥം വഴിയായി ലഭിക്കുന്ന മനോഗുണവിവരണവും സൗജന്യമായി ചേർക്കുന്നതിനു ഞങ്ങൾ തയ്യാറുണ്ട്.

൩. ൫ വരിക്കാരെ ചേർത്തു സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങി പത്രവരി പിരിച്ചു മുൻകൂറു അടയ്ക്കുന്നവർക്കു മുൻപതിവുപോലെ ഒരു പത്രം പാരിതോഷികമായി കൊടുക്കപ്പെടും. ഇപ്രകാരംതന്നെ പ്രസ്താവിത വ്യവസ്ഥാനുസരണം ൧൦ പേരെ ചേർക്കുന്നവർക്കു ൩ പ്രതികൾ സൌജന്യമായി കൊടുക്കുന്നതാണ്.

൪. കുസുമവരിക്കാരാകാനാഗ്രഹിക്കുന്നവർ മുൻകൂറു പണമടച്ചപേക്ഷിക്കയോ, വി. പി. യായി അയപ്പാനാവശ്യപ്പെടുകയോ ചെയ്യേണ്ടതാകുന്നു.

൫. കുസുമത്തിൽ പ്രസിദ്ധം ചെയ്യുവാനുള്ള ലേഖനങ്ങൾ, കത്തോലിക്കാ വർത്തമാനങ്ങൾ, മിഷ്യൻവാർത്തകൾ, മനോഗുണവിവരണങ്ങൾ, ചരമക്കുറിപ്പുകൾ ഇത്യാദികളെല്ലാം തലേമാസം ൨൦-ാംനു-ക്കകം പത്രാധിപർക്ക് കിട്ടേണ്ടതാണ്.

൬. പ്രത്യേക നിരക്കിന്മേൽ കുസുമത്തിൽ പരസ്യങ്ങൾ ചേർക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

എന്നു മാനേജർ.

# പരസ്യം.

## "എന്റെ അമ്മെ, എന്റെ ആശ്രയമെ."

(൩൦൦ ദി. ദ. വി.,) ൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ,

൧൯൧൫ സെപ്റ്റംബർ ൧൬.

ഏറ്റവും ഫലസിദ്ധിയുള്ള പ്രസ്തുത ദണ്ഡവിമോചനജപം '൭ × ൫' ഇഞ്ച് വലിപ്പത്തിൽ, ചുറവും ബോർഡും, പരിശുദ്ധ കന്യകയുടെ പടവും വച്ചും, നമ്മുടെ വൈദികമേലദ്ധ്യക്ഷന്റെ അനുമതിയോടു കൂടിയും മനോഹരമായി അച്ചടിച്ചിട്ടുള്ളതാണ്. ആവശ്യക്കാർക്ക്,

| | AS. | P. | | AS. | P. |
|---|---|---|---|---|---|
| സാധാരണ അടിപ്പ് ൧൦൦-ക്കു | ൪ | ,, | വിശേഷതരം ൧൦൦-ക്കു | ൮ | ,, |
| ടി ൫൦-ക്കു | ൨ | ,, | ടി ൫൦-ക്കു | ൪ | ,, |
| ടി ൨൫-ക്കു | ൧ | ൬ | ടി ൨൫-ക്കു | ൨ | ,, |
| ടി ൧൦-ക്കു | ,, | ൧൦ | ടി ൧൦-ക്കു | ൧ | ൬ |

സൂചനം:- ചില്ലറയായി ആവശ്യപ്പെടുന്നവർ സ്റ്റാമ്പ് അടക്കംചെയ്ത് അപേക്ഷിച്ചാൽ മതിയാവുന്നതാണ്.

കർമ്മലകുസുമം മാനേജർ,

മാന്നാനം.